നം.കെ.എസ്.എ.പിറ്റിഎ.പി2/16/2020

തീയതി:12.03.2020

# പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 05.12.18 മുതൽ 30.11.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല എന്ന വിവരം അറിയിക്കുന്നു.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഹബീബ് മുഹമ്മദ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11.12.19 മുതൽ 31.12.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സി. അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അരുൺ പി ബി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി ലേഖാ ജനാർദ്ധനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി രാജശ്രീ സി ആർ, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി. ഷൈനി ബോബി | 01.04.2018മുതൽ 31.03.2019. വരെ |
| സെക്രട്ടറി | : | ശ്രീ. ദീപേഷ് ആർ.കെ. | 01.04.2018മുതൽ 31.03.2019. വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥൻ ഉദ്യോഗപ്പേര് | : | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | : | ശ്രീ.വിമൽ കുമാർ. | 01.04.2018 മുതൽ 25.10.18 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി. മോളൂ റ്റി.ലാൽസൺ | 26.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | : | ശ്രീ. അശോകൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഓഫീസർ | : | ശ്രീ. വിനോദ് എം.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | : | ശ്രീ. ഹരി കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | : | ശ്രീമതി. ജീന<br>ശ്രീമതി. ബൃന്ദ എസ്.ജ്യോതി | 01.04.2018 മുതൽ 31.07.2018വരെ<br>01.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | : | ഡോ. സരസ്വതി അമ്മ | 01.04.18മുതൽ 31.07.2018 വരെ |
| | : | ഡോ. മിനി | 01.08.2018മുതൽ18.11.2018വരെ |
| | : | ഡോ. സുഭഗൻ | 19.11.18 മുതൽ 01.12.2018 വരെ |
| | : | ഡോ. മിനി | 02.12.2018മുതൽ 23.12.2018 വരെ |
| | : | ഡോ. സുഭഗൻ | 24.12.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | : | ശ്രീ. റഫീക്ക് എം. | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | : | ശ്രീ. കേശവൻ നമ്പൂതിരി<br>ശ്രീമതി. ജനീഷ എസ്. മുഹമ്മദ് | 01.04.2018 മുതൽ 03.10.2018 വരെ<br>04.10.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഓഫീസർ | : | ശ്രീ. അരുൺ സി.<br>ശ്രീ. പുഷ്പ കുമാർ കെ. | 01.04.2018 മുതൽ 05.08.2018 വരെ<br>06.08.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷികധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7. | ക്ഷേമ പദ്ധതികൾ | 1-7 |
| 8. | ക്യാഷ് പരിശോധന | 1-8 |
| 9. | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11. | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12. | കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-12 |
| 13. | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയതിൽ കുറവ് - തനത് വരുമാനം ഇനത്തിൽ നഷ്ടം | 1-13 |
| 14. | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-14 |
| 15. | പാർക്കിംഗ് ഏരിയ ഇല്ലാത്ത കെട്ടിടത്തിൽ വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്നു | 1-15 |
| 16. | ജില്ലാ ടൌൺ പ്ലാനറുടെ അനുമതി വാങ്ങാതെ സിനിമാ തിയേറ്റർ പുനർനിർമ്മിക്കുവാൻ പെർമിറ്റ് നൽകി | 1-16 |
| 17. | സർക്കാർ സ്ഥാപനങ്ങൾ വസ്തുനികുതി അടവാക്കുന്നില്ല | 1-17 |
| 18. | വാണിജ്യാവശ്യത്തിനുള്ള 100$m^2$-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചുതു മൂലം വരുമാന നഷ്ടം | 1-18 |
| 19. | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-19 |
| 20. | വസ്തു നികുതി ഈടാക്കാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു | 1-20 |
| 21. | സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-21-1 |
| 22. | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് | 1-21-2 |
| 23 | തൊഴിൽ നികുതി – അപാകതകൾ | 1-21-3 |
| 24. | വാടക പിരിവ് – ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല | 1-22-1 |
| 25. | നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല | 1-22-2 |
| 26. | കെട്ടിട ഉടമയുടെ അനുമതി പത്രം ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു | 1-23 |
| 27. | പറക്കോട് അനന്തരാമപുരം മാർക്കറ്റ് ആട്ടിറച്ചി സ്റ്റാൾ - ഒഴിഞ്ഞുകിടക്കുന്നു | 1-24 |
| 28. | അംഗീകൃത അറവുശാല നിർമ്മിച്ചിട്ടില്ല | 1-25 |
| 29. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 1-26 |
| 30. | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല | 1-27-1 |

| | | |
|---|---|---|
| 31. | വൻകിട സ്ഥാപനങ്ങളുടെ ലൈസൻസ് തുക വളരെ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു | 1-27-2 |
| 32. | പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു. | 1-27-3 |
| 33. | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 5.09കോടി രൂപ ലാപ്സാക്കി | 1-28 |
| 34. | ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി | 1-29 |
| 35. | എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം - പ്രവർത്തന സജ്ജമാക്കിയില്ല | 1-30 |
| 36. | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല – സംസ്ഥാന ഫണ്ടിന് നഷ്ടം | 1-31 |
| 37. | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-32 |
| 38. | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 1-33 |
| 39. | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 1-34 |
| 40. | നഗരസഭയുടെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് പേരിൽക്കൂട്ടിയിട്ടില്ല | 1-35 |
| 41. | സ്ഥലം ലഭ്യമായെങ്കിലും നഗരസഭാ ഓഫീസിന് പുതിയ കെട്ടിടം എന്നത് മരീചിക | 1-36 |
| 42. | നഗരസഭാ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല | 1-37 |
| 43. | എസ്.സി വിഭാഗത്തിലുള്ള 60 വയസ്സിന് മുകളിലുള്ളവർക്ക് കട്ടിൽ - വിതരണ രേഖകൾ അപൂർണ്ണം | 1-38 |
| 44. | ഭവനപുനരുദ്ധാരണം (എസ്.സി) - ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-39 |
| 45. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപനം - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-40 |
| 46. | ലൈഫ് - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമപ്രകാരമല്ല | 1-41 |
| 47. | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്നില്ല | 1-42 |
| 48. | വെള്ളക്കരം- കുടിശ്ശികത്തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല | 1-43 |
| 49. | നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകി | 1-44 |
| 50. | | |

| | | |
|---|---|---|
| | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-45 |
| 51. | പോസ്റ്റ് ഷിഫ്റ്റിംഗിന് തുക നൽകിയത് - വിനിയോഗ രേഖകൾ ലഭ്യമല്ല | 1-46 |
| 52. | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-47 |
| 53. | അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ - സബ്സിഡി നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-48 |
| 54. | ആശ്രയ പദ്ധതി നടത്തിപ്പ് പരാജയം | 1-49 |
| 55. | പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം-ചെലവ് അപൂർണ്ണം | 1-50 |
| 56. | കിണർ റീചാർജ്ജിംഗ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല | 1-51 |
| 57. | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല | 1-52 |
| 58. | ക്ഷീരകകർഷകർക്ക് പാലിന് സബ്സിഡി-മുഴുവൻ തുകയും വിനിയോഗിച്ചില്ല | 1-53 |
| | **ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 59. | ഇല്ല | |
| | **ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 60. | നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകി | 3-1 |
| | **ഭാഗം 4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 61. | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 62. | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 63. | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 64. | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 65. | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 66. | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 67 | ഓഡിറ്റ് റിക്കവറി | 4-7 |
| 68. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 69. | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 70. | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 71. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

നഗരസഭയുടെ 2018-19-ലെ ബജറ്റ് 24.03.18 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.19 ലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 28.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37118139.40 |
| വരവ് | 213460052 |
| ആകെ | 250578191 |
| ചെലവ് | 193935767 |
| നീക്കിയിരിപ്പ് | 56642424.40 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 33315699 | 33315699 | 30752089 | 2563610 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 15359000 | 15359000 | 13547974 | 1811026 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 152000 | 152000 | 0 | 152000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14166000 | 14166000 | 9739545 | 4426455 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6996000 | 6996000 | 6010848 | 985152 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 45891544 | 45891544 | 19698941 | 26192603 |
| തനത് ഫണ്ട് | എസ്.ബി.ഐ. | 12854012 | 45001477 | 57855489 | 43161204 | 14694285 |
| | ട്രഷറി അക്കൗണ്ട് | 959314 | 21901535 | 22860849 | 12482206 | 10378643 |
| കാനറ ബാങ്ക് 8142 | | 54039 | 1916 | 55955 | 0 | 55955 |
| കാനറ ബാങ്ക് 8143 | | 3402801 | 138352 | 3541153 | 403023 | 3138130 |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| കാനറ ബാങ്ക് 2833 | 3067044 | 75825 | 3142869 | 1660797 | 1482072 |
| എസ്.ബി.ഐ.30038487521 | 6961 | 515 | 7476 | 0 | 7476 |
| എസ്.ബി.ഐ. 30707893555 | 94998 | 0 | 94998 | 1399 | 93599 |
| കേരള ഗ്രാമീൺ ബാങ്ക് | 1693400 | 797718 | 249118 | 115857 | 2375261 |
| യൂണിയൻ ബാങ്ക് | 58812 | 2087 | 60899 | 0 | 60899 |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | 78669 | 3160 | 81829 | 0 | 81829 |
| എസ്.ബി.ഐ. ബയോഡൈവേഴ്സിറ്റി | 420000 | - | 420000 | 1298 | 418702 |
| കാനറ ബാങ്ക്(NULM)8166 | 400072 | 861258 | 1261330 | 831675 | 429655 |
| ആക്സിസ് ബാങ്ക് (PMAY) | 5670020 | 52009242 | 57679262 | 42882200 | 14797062 |
| ട്രഷറി സ്പെഷ്യൽ ഫണ്ട് 146 | 4565112 | 0 | 4565112 | 0 | 4565112 |
| ട്രഷറി സ്പെഷ്യൽ ഫണ്ട് 183 | 1839 | 0 | 1839 | 0 | 1839 |
| പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് | 9150 | 0 | 9150 | 0 | 9150 |
| ട്രഷറി റ്റി.എസ്.ബി.145-3207(PF) | 2719805 | 5066158 | 7785963 | 4257645 | 3528318 |
| ഐ.സി.ഐ.സി.ഐ. ബാങ്ക് | 529436 | 0 | 529436 | 5000 | 524436 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 274 | 258969403 | 147 | 82043455 | 116 | 11 | 54 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3067044 | 75825 | 3142869 | 1660797 | 1482072 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1294836 | 1294836 | 1294836 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 240000 | 120 |
| കർഷകതൊഴിലാളി പെൻഷൻ | 3273900 | 197 |
| വിധവാപെൻഷൻ | 17476300 | 1026 |
| വാർദ്ധക്യകാലപെൻഷൻ | 36029600 | 2090 |
| വികലാംഗപെൻഷൻ | 4322500 | 250 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 988500 | 59 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.12.2019 തീയതിയിൽ 3.30 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **113541** /-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**I.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല. വാടകകുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**II. മരാമത്ത് പ്രവൃത്തികളുമായി ബന്ധ്പ്പെട്ട അപാകതകൾ**

(1)സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ നഗരസഭയിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തൻവർഷവും തയ്യാറാക്കിയിട്ടില്ല.

(2)പതിമൂന്നാം പദ്ധതി കാലയളവിൽ സ്ട്രീറ്റ് ലൈനില്ലാത്ത പ്രധാനപ്പെട്ട റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതിവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതികൾ ആവിഷ്ക്കരിച്ചത് ഒഴിച്ചാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല. ഇത് വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭരണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്നതിന്റെ ഉത്തമ ദൃഷ്ടാന്തം ആണ്.

(3)ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി നഗരസഭയുടെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് മുൻസിപ്പൽ എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(4)റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാപ്പഞ്ചായത്ത് ഫണ്ട്, എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടില്ല. നഗരസഭയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും

ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

(5) പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ചെയ്യാതിരുന്നത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മോണിട്ടറിംഗ് കർശനവും കാര്യക്ഷമവുമാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2011 | 2009-10 | നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.06.2018 | 2016-17 മുതൽ 2017-18 വരെ | 13.08.2018 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജനറൽ ഫണ്ട് - ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളിലെ തുകയും ലാന്റ് സ്കേപ്പ് സ്റ്റേറ്റ്മെന്റിലെ (B-1) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. പാസ്സ് ബുക്കും ബാങ്ക് ബുക്കും പ്രകാരമുള്ള NUML നീക്കിയിരുപ്പ് തുക 4,29,655 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിലെ പോവർട്ടി അലീവിയേഷൻ ഫണ്ടിലെ നീക്കിയിരുപ്പ് തുകയായി കാണിച്ചിരിക്കുന്നത് 33,149 രൂപ മാത്രമാണ്.
3. RP-31 പ്രകാരം വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിന് 27,42,386 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ അതിന് ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടില്ല. മുൻ വർഷത്തെ ബാലൻസ് തുകയായ 5,72,11,686 രൂപ മാത്രമാണ് ഈ വർഷവും ബാലൻസായി കാണിച്ചിരിക്കുന്നത്.
4. 320100100 എന്ന ഹെഡിലാണ് നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ രേഖപ്പെടുത്തുന്നത്. എന്നാൽ ഈ ഹെഡ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകൾ രേഖപ്പെടുത്തുവാൻ മാത്രമുള്ളതാണ്.
5. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
6. 116 ലക്ഷം രൂപ ലൈഫ് പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി ഹഡ്കോയിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ B-5-ൽ ടി വിവരം ഉൾപ്പെടുത്തിയിട്ടില്ല.
7. B-9-ഷെഡ്യൂളിൽ Gross salary payable എന്ന ഹെഡ്ഡിൽ 94,07,932 രൂപയും Others payable എന്ന ഹെഡ്ഡിൽ 22,40,627 രൂപയും കൊടുക്കുവാൻ ഉള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

8. B11-ഷെഡ്യൂളിൽ Buildings, administrative buildings, school buildings, other buildings, black topped roads, bridge, culverts എന്നീ ഇനങ്ങളുടെ മൂല്യം മുൻ വർഷത്തേതിൽ നിന്ന് കുറവായിട്ടാണ് കാണിച്ചിട്ടുള്ളത്.

9. വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ ഇനത്തിൽ മുൻ സാമ്പത്തിക വർഷവും തൻവർഷവും കാണിച്ചിട്ടുള്ള തുകകൾ ഒന്നുതന്നെയാണ്.

10. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നീ ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള വിവിധ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. Other receivable (current)-3,38,96,377, Other receivable (arrear)-17,59,396 എന്നീ ഇനങ്ങളിൽ ലഭിക്കുവാനുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12. വിവിധ ഇനത്തിലുള്ള ലേലങ്ങളുടെ (ഇറച്ചി, മാർക്കറ്റ്) വരവ് തുകകൾ B7-ഷെഡ്യൂളിൽ ബാധ്യതയായിട്ടാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ടി തുകകൾ നഗരസഭയുടെ വരവ് തുകകളാണ്.

13. തനത് ഫണ്ട് അക്കൗണ്ടിലെ (SBI-57067749289) നീക്കിയിരിപ്പ് തുക ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,36,53,832 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഇത് 1,36,67,713 രൂപയാണ്. റിക്കൺസിലേഷൻ നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല.

14. വികസനഫണ്ട് (ജനറൽ) ഇനത്തിലുള്ള ചെലവ് തുക ACR പ്രകാരം 3,07,52,089 രൂപയും വാർഷിക ധനകാര്യപത്രിക പ്രകാരം 3,03,39,939 രൂപയുമാണ്. ചെലവ് തുകയിനത്തിൽ 4,12,150 രൂപയുടെ വ്യത്യാസം കാണുന്നു.

15. മുൻ സാമ്പത്തിക വർഷത്തെ B-11-ഷെഡ്യൂളിലെ സ്ഥിര ആസ്തികളോടൊപ്പം തൻവർഷത്തെ RP-31-ഷെഡ്യൂളിലെ സ്ഥിര ആസ്തി ഹെഡ്ഡിൽ ഉൾപ്പെട്ട തുക കൂടി കൂട്ടുന്നതായിരിക്കണം ഈ വർഷത്തെ B-11-ഷെഡ്യൂളിലെ സ്ഥിര ആസ്തികളുടെ മൂല്യം. എന്നാൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. വസ്തുനികുതി, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

17. B-15 ഷെഡ്യൂളിൽ നഗരസഭയ്ക്ക് വിവിധ വരവിനത്തിൽ ലഭിക്കേണ്ട തുകയായി കാണിച്ചിരിക്കുന്നത് 8,16,84,522 രൂപയാണ്. കൃത്യമായി തുകകൾ ഡിമാന്റ് ചെയ്യുന്നതിലുണ്ടായ അപാകത മൂലമാണ് കുടിശ്ശികത്തുകയിൽ ഭീമമായ വർദ്ധനവ് ഉണ്ടാകുവാൻ കാരണം. (തൻവർഷത്തെ വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് തുക 91,60,257 രൂപയാണ്. ഈയിനത്തിലുള്ള കളക്ഷൻ 12,64,657 രൂപ മാത്രമാണ്. ഇതുമൂലം കുടിശ്ശികയിനത്തിൽ 78,95,600 രൂപ B-15 ഷെഡ്യൂളിൽ കാണിക്കേണ്ടി വന്നു. എന്നാൽ ലെഡ്ജർ പരിശോധിച്ചതിൽ തൊഴിൽ നികുതിയിനത്തിൽ ആകെയുള്ള കുടിശ്ശിക 2,12,862 രൂപ മാത്രമാണ്) വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ് തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

18. ക്ഷേമ പെൻഷനുകൾ-വാർഷിക ധനകാര്യ പത്രികയിലെ തുകകളും സേവന സോഫ്റ്റ് വെയറിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-12 കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധം. ജി.ഒ.പി.13/2012 പി.ഡബ്ല്യു.ഡി/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112

അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചക്കും പി.എ.സിയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം[സെക്ഷൻ 2116(1)].

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയതും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതും കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങാത്തതുമായ ഏതാനും പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പി.എ.സി | കാലതാമസം | | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| | | | ദിവസം | (ആഴ്ച) | |
| 1 | മംഗലത്ത് പടി കൈതവനപ്പടി ബൈപാസ് പെരിങ്ങനാട് റോഡ് പുനരുദ്ധാരണം(164/18, 202/19)<br>അടങ്കൽ : 1000000/-<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :13/17-18/28-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 27-04-18<br>ബിൽ നം./ തീയതി തുക<br>73/17-18/18-01-18 341861/-<br>81/18-19/30-11-18 51799/-<br>82/18-19/30-11-18 393660/- | 787319.64 | 90 | 7 | 5511 |
| 2 | കമ്മ്യൂണിറ്റി ഹാൾ വാഴോട്ട് SRK പടി-അമ്പലത്തറ റോഡ് പുനരുദ്ധാ രണം (184/18, 206/19)<br>അടങ്കൽ : 1264202/-<br>കരാറുകാരൻ : കൃഷ്ണകുമാർ<br>എഗ്രിമെന്റ് നം./ തീയതി :17//17-18/27-11-17 | 1196570 | 28 | 4 | 4786 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 27-11-17<br>പൂർത്തീകരിച്ച തീയതി: 27-03-18<br>ബിൽ നം./ തീയതി തുക<br>132/17-18/31-03-18 557305/-<br>133/17-18/31-03-18 485883/-<br>34/18-19/29-09-18 153382/- | | | | |
| 3 | തോട്ടത്തിൽപ്പ ടി കനാൽപ്പടി റോഡ് പുനരുദ്ധാരണം(157/18, 197/19)<br>അടങ്കൽ : 1000000/-<br>കരാറുകാരൻ : കൃഷ്ണകുമാർ<br>എഗ്രിമെന്റ് നം./ തീയതി :19/17-18/27-11-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 27-11-17<br>പൂർത്തീകരിച്ച തീയതി: 13-04-18<br>ബിൽ നം./ തീയതി തുക<br>86/17-18/22-02-18 600000/-<br>87/17-18/22-02-18 12907/-<br>37/18-19/29-09-18 383980/- | 997335 | 45 | 6 | 5984 |
| 4 | നാൽപ്പതിനായിരം പടി ഗാന്ധിനഗർ ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം(99/17, 26/18, 188/19)<br>അടങ്കൽ : 1200000<br>കരാറുകാരൻ: അജീഷ്.എസ്<br>എഗ്രിമെന്റ് നം./തീയതി:06/16-17/25-01-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 25-01-17<br>പൂർത്തീകരിച്ച തീയതി: 30-03-18<br>ബിൽ നം./ തീയതി തുക<br>14/17-18/05-07-17 593842/-<br>13/17-18/05-07-17 313842/- | 1196142.95 | 340 | 48 | 57415 |

| | | | | | |
|---|---|---|---|---|---|
| | 15/17-18/05-07-17 146158/-<br>05/18-19/24-05-18 125445/- | | | | |
| 5 | പൂവൻ കുന്നിൽ അണ്ടൂർഭാഗം കൊട്ടുത്തുർ ഗുരുമന്ദിരം റോഡ് പുനരുദ്ധാരണം (201/18, 217/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :07/17-18/28-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 21-04-18<br>ബിൽ നം./ തീയതി തുക<br>71/17-18/18-01-18 396531/-<br>20/18-19/24-07-18 42374/-<br>21/18-19/17-07-18 391400/- | 830305.29 | 84 | 12 | 9964 |
| 6 | സാൽവേഷൻ ആർമി കുമ്പളുംവിള കോളനി റോഡ് പുനരുദ്ധാരണം (193/18, 212/19)<br>അടങ്കൽ : 1000000/-<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :31/17-18/01-01-18<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 01-01-18<br>പൂർത്തീകരിച്ച തീയതി: 04-05-18<br>ബിൽ നം./ തീയതി തുക<br>104/18-19/23-01-19 394179/-<br>105/18-19/23-01-19 604234/- | 998412.51 | 34 | 4 | 3994 |
| 7 | പെനിയേൽ ജം.മഹാദേവ ജം.സുനിൽ ഭവനം മാലി ജം. മാത്തിൽ റോഡ് പുനരുദ്ധാരണം (210/18, 223/19)<br>അടങ്കൽ : 943043<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ | 938353.28 | 91 | 13 | 12199 |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് നം./ തീയതി :68/17-18/31-03-18<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 31-03-18<br>പൂർത്തീകരിച്ച തീയതി: 29-09-18<br>ബിൽ നം./ തീയതി തുക<br>108/18-19/30-01-19 937703/- | | | | |
| 8 | SN ഹോസ്പിറ്റൽ പടി മുരകോട്ടപ്പടി ആതിരപ്പടി മരോട്ടിമുക്ക് വടോട്ട്പടി സ്റ്റാലിൻ വില്ല റോഡ് നവീകരണം (187/18, 209/190<br>അടങ്കൽ : 1000000/-<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :09/17-18/28-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 29-03-18<br>ബിൽ നം./ തീയതി തുക<br>69/17-18/18-01-18 401728/-<br>136/17-18/31-03-18 34933/-<br>09/18-19/12-06-18 410924/- | 847886.21 | 61 | 8 | 6783 |
| 9 | കരുമാറി LPSകഞ്ഞിപ്പുര നിർമ്മാണം(237/18, 186/19)<br>അടങ്കൽ : 1000000/-<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :32/17-18/ 09-02-18<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 09-02-18<br>പൂർത്തീകരിച്ച തീയതി: 30-05-18<br>ബിൽ നം./ തീയതി തുക<br>01/18-19/24-05-18 201266/- | 433739.22 | 22 | 3 | 1301 |

| | | | | | |
|---|---|---|---|---|---|
| | 33/18-19/29-10-18 232473/- | | | | |
| 10 | RSM സ്കൂൾ വാഴവിളപ്പടി മേലേതിൽ പടി ചരുവിളപ്പടി റോഡ് നവീകരണം (185/18, 207/19)<br>അടങ്കൽ: 1000000<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>എഗ്രിമെന്റ് നം./ തീയതി :10/17-18/28-10-17<br>പ്രവൃത്തിയുടെ കാലാവധി : 2 മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 28-03-18<br>ബിൽ നം./ തീയതി തുക<br>67/17-18/26-12-17 559981/-<br>68/17-18/26-12-17 109599/-<br>11/18-19/12-06-18 267629/- | 961619.42 | 92 | 13 | 12501 |
| | ആകെ | | | | 120438 |

ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/ 31-12-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിൽ ലഭിക്കേണ്ടിയിരുന്ന ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യാഗസ്ഥനിൽനിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തുകയോ ചെയ്യേണ്ടതാണ്.

## 1-13 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയതിൽ കുറവ് - തനത് വരുമാനം ഇനത്തിൽ നഷ്ടം

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നതു മൂലം പിഴയിനത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടായി.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ഏതാനം മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. ഏതാനം പ്രവൃത്തികളിൽ പ്രവൃത്തിമൂല്ല്യതുകയുടെ ഒരു ശതമാനം തുക ഫൈൻ ഇനത്തിൽ ഈടാക്കുക മാത്രമാണ് ചെയ്തത്. കാലവർഷത്തിന് മുമ്പ് കരാർ കാലാവധി അവസാനിച്ച ചില പ്രവൃത്തികൾക്ക് കാലവർഷക്കെടുതി മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും 30-09-18 വരെ സമയം അനുവദിച്ച നൽകണമെന്ന് ശ്രീ.പി.രാജു എന്ന കരാറുകാരൻ അപേക്ഷിച്ചിട്ടുള്ളതായി ടിയാൻ ഏറ്റെടുത്ത പ്രവൃത്തികളുടെ ഫയലിൽ കാണാൻ കഴിഞ്ഞു. സെക്രട്ടറി കാലാവധി ദീർഘിപ്പിക്കുന്നതിന് കുറിപ്പ് എഴുതുകയും ചെയ്തു. എന്നാൽ ഭരണസമിതി തീരുമാനമെടുത്തതായോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. പകരം കരാർതുകയുടെ 1% പിഴ ഈടാക്കുക മാത്രമാണ് ചെയ്തത്.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. ഇ - ഗവൺമെൻറ് പ്രൊക്യൂയർമെൻറ് ടെണ്ടർ നോട്ടീസിലെ 85 ാം ഇനമായി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് പിഴ ചുമത്തുന്നതിന്റെ വിവരം സൂചിപ്പിച്ചിട്ടുമുണ്ട്. കരാർ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് ഒന്നിനും തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | ടി.ബി ഭാഗം മുതൽ SC കോളനി നിർമ്മാണം (222/18,227/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>എഗ്രിമെന്റ് നം./ തീയതി : 41/17-18/09-02-18<br>പ്രവൃത്തിയുടെ കാലാവധി : 57 ദിവസം(31-03-18നകം പൂർത്തീകരിക്കണം)<br>പ്രവൃത്തി ആരംഭിച്ച തീയതി : 09-02-18<br>പൂർത്തീകരിച്ച തീയതി: 13-06-18<br>ബിൽ നം. / തീയതി :103/18-19/23-01-19<br>തുക 216038/- | 298355 | 01-04-2018 മുതൽ 15-04-2018 വരെ | 2983 | 2160 | 6789 |
| | | | 16-04-2018 മുതൽ 30-04-2018 വരെ | 5966 | | |
| | | | ആകെ | 8949 | | |
| 2. | തെങ്ങുവിളപ്പടി പണ്ടാരത്തിൽപ്പടി റോഡ് പുനരുദ്ധാരണം (169/18, 204/19)<br>കരാറുകാരൻ : രാജു.പി<br>എഗ്രിമെന്റ് നം./ തീയതി :24//17-18/12-12-17 | 882999.6 | 12-03-2018 മുതൽ 03-04-2018 വരെ | 8830 | 8800 | 11547 |
| | | | 04-04-2018 മുതൽ | 11517 | | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 12-12-17<br>പൂർത്തീകരിച്ച തീയതി: 18-04-18<br>ഫൈനൽ ബിൽ നം. / തീയതി : 10/18-19/12-06-18<br>തുക 387558/-<br>69/18-19/22-11-18 53942/-<br>70/18-19/22-11-18 438500/- | | 18-04-2018 വരെ | | | |
| | | | ആകെ | 20347 | | |
| 3. | ആലോലിത്തറ വാരുവിൽ പടി റോഡ്-ബൈപാസ് റോഡ് പുനരുദ്ധാരണം (191/18,211/19)<br>കരാറുകാരൻ : പി.രാജു<br>എഗ്രിമെന്റ് നം./ തീയതി :22/17-18/11-12-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 11-12-17<br>പൂർത്തീകരിച്ച തീയതി: 29-10-18<br>ബിൽ നം./ തീയതി തുക<br>31/18-19/24-11-18 276627/-<br>72/18-19/24-11-18 645462/- | 922089.9` | 11-03-2018 മുതൽ 02-04-2018 വരെ | 9221 | 9129 | 18534 |
| | | | 03-04-2018 മുതൽ 24-04-2018വരെ | 18442 | | |
| | | | ആകെ | 27663 | | |
| 4. | കുറ്റിപ്പടി താഴെ ബൈപാസ് പരുത്തിപ്പള്ളി മേലേതിൽ റോഡ് | 996163.15 | 28-1-2018 മുതൽ 18-02-2018 വരെ | 9962 | 9914 | 19971 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പുനരുദ്ധാരണം(160/18, 200/19)<br>കരാറുകാരൻ : റേ തോമസ്സ്<br>എഗ്രിമെന്റ് നം./ തീയതി :05//17-18/28-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 25-04-18<br>ബിൽ നം./ തീയതി തുക<br>93/17-18/08-03-18 376072/-<br>94/17-18/08-03-18 62114/-<br>74/18-19/24-11-18 429304/-<br>73/18-19/24-11-18 123928/- | | 19-02-2018 മുതൽ<br>13-03-2018വരെ | 19923 | | |
| | | | ആകെ | 29885 | | |
| 5 | പൂങ്ങോട്ട് പടി കക്കോട്ട് പടി സെന്റ് ജോർജ്ജ് മിൽ റോഡ് പുനരുദ്ധാരണം (214/18, 219/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>എഗ്രിമെന്റ് തീയതി :28-10-17<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 28-10-17<br>പൂർത്തീകരിച്ച തീയതി: 30-04-18<br>ബിൽ നം./ തീയതി തുക | 829596.67 | 28-1-2018 മുതൽ<br>19-02-2018 വരെ | 8296 | 4976 | 19912 |
| | | | 20-02-2018 മുതൽ<br>13-03-2018വരെ | 16592 | | |

| | | | | | | |
|---|---|---|---|---|---|---|
| | 74/17-18/18-01-18 327059/-<br>18/18-19/17-07-18 87739/-<br>19/18-19/17-07-18 409821/- | | <br>ആകെ | <br>24888 | | |
| 6 | മാത്തിലയ്യത്ത് പാലത്തുംപാട്ട് കുരിശുപടി റോഡ് പുനരുദ്ധാരണം(188/18, 210/19)<br>കരാറുകാരൻ : പി.രാജു<br>എഗ്രിമെന്റ് നം./ തീയതി :26//17-18/12-12-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 12-12-17<br>പൂർത്തീകരിച്ച തീയതി: 28-09-18<br>ബിൽ നം./ തീയതി തുക<br>126/17-18/28-03-18 295101/-<br>60/18-19/19-11-18 520895/-<br>61/18-19/19-11-18 19899/- | 855000 | 12-03-2018 മുതൽ 03-04-2018 വരെ<br>04-04-2018 മുതൽ 25-04-2018വരെ<br>ആകെ | 8550<br>17100<br>25650 | 0 | 25650 |
| 7 | സാൽവേഷൻ ആർമി കുമ്പളുംവിള കോളനി റോഡ് പുനരുദ്ധാരണം(193/18, 212/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>എഗ്രിമെന്റ് നം./ തീയതി :31/17-18/01-01-18 | 998412.51 | 01-04-2018 മുതൽ 23-04-2018 വരെ<br>24-04-2018 മുതൽ 04-05-2018 വരെ | 9984<br>19968 | 9984 | 19968 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 01-01-18<br>പൂർത്തീകരിച്ച തീയതി: 04-05-18<br>ബിൽ നം./ തീയതി തുക<br>104/18-19/23-01-19 394179/-<br>105/18-19/23-01-19 604234/- | | ആകെ | 29952 | | |
| 8 | പെനിയേൽ ജം.മഹാദേവ ജം.സുനിൽ ഭവനം മാലി ജം. മഠത്തിൽ റോഡ് പുനരുദ്ധാരണം (210/18, 223/19)<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ<br>എഗ്രിമെന്റ് നം./ തീയതി :68/17-18/31-03-18<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 31-03-18<br>പൂർത്തീകരിച്ച തീയതി: 29-09-18<br>ബിൽ നം./ തീയതി തുക<br>108/18-19/30-01-19 937703/- | 938353.28 | 01-07-2018 മുതൽ<br>23-07-2018 വരെ | 9384 | 9377 | 18775 |
| | | | 24-07-2018 മുതൽ<br>14-08-2018 വരെ | 18768 | | |
| | | | ആകെ | 28152 | | |
| 9 | തെങ്ങുംവിളപ്പടി-വിളയിൽപ്പടി-പൂവൻകുന്നിൽപ്പടി-മുണ്ട്മുരുപ്പേൽ റോഡ് പുനരുദ്ധാരണം(202/18, 218/19)<br>അടങ്കൽ: 10000000<br>കരാറുകാരൻ: രാജു.പി | 891876.48 | 12-03-2018 മുതൽ<br>03-04-2018 വരെ | 8919 | 7815 | 18942 |
| | | | 04-04-2018 മുതൽ | 17838 | | |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രിമെന്റ് നം./ തീയതി :25/17-18/ 12-12-17<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 12-12-17<br>പൂർത്തീകരിച്ച തീയതി: 19-09-18<br>ബിൽ നം./ തീയതി തുക<br>137/17-18/31-03-18 422218/-<br>68/18-19/22-11-18 359236/- | | 18-04-2018 വരെ | | | |
| | | | ആകെ | 26757 | | |
| 10 | മൂന്നാളം സാംസ്കാരിക നിലയം മെയിന്റനൻസ്(238/18, 237/19)<br>അടങ്കൽ: 70000<br>കരാറുകാരൻ: ഭാസുരൻ<br>എഗ്രിമെന്റ് നം./ തീയതി :49/17-18/17-03-18<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 17-03-18<br>പൂർത്തീകരിച്ച തീയതി: 14-09-18<br>ബിൽനം./തീയതി തുക<br>41/18-19/23-10-18 57381 | 69970 | 17-06-2018 മുതൽ<br>09-07-2018 വരെ | 700 | 574 | 1526 |
| | | | 10-07-2018 മുതൽ<br>31-07-2018 വരെ | 1400 | | |
| | | | ആകെ | 2100 | | |
| | ആകെ | | | | | 161614 |

മാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്താതിരുന്നത് മൂലം നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴയിനത്തിലുള്ള നഷ്ടം 161614/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട നിർദ്ദേശം നൽകേണ്ടതും ഭരണ സമിതി തീരുമാനം കൈക്കൊണ്ട് കർശന നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്.

## 1-14 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന സ്പിൽ ഓവർ ഉൾപ്പെടെ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/ കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | ദൈവത്തിൻ മൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്(80/19)<br>കരാറുകാരൻ : അജീഷ് .എസ്<br>PAC തുക : 128326/- | 04-08-18 | 31-08-18 | 128197/-<br>106/18-19/<br>30-01-19 | 1283 |
| 2 | അയ്യപ്പൻ പാറ അമ്പലപ്പടി-കളത്തിൽ പടി റോഡ് പുനരുദ്ധാരണം(70/19)<br>കരാറുകാരൻ : ജോൺസൺ.പി<br>PAC തുക : 394528/- | 18-08-18 | 17-09-18 | 391404/-<br>97/18-19/<br>27-12-18 | 3945 |
| 3 | കണിയാം തുണ്ടിൽ പടി വട്ടവിളപ്പടി റോഡ് കോൺക്രീറ്റിംഗ്(133/19)<br>കരാറുകാരൻ : കൃഷ്ണകുമാർ.കെ.ആർ<br>PAC തുക : 174992/- | 17-12-18 | 14-01-19 | 174992/-<br>110/18-19/<br>31-01-19 | 1750 |

| | | | | | |
|---|---|---|---|---|---|
| 4 | മുള്ളിക്കാലായിൽപ്പടി നടപ്പാത നവീകരണം (82/19)<br>കരാറുകാരൻ : കൃഷ്ണകുമാർ.കെ.ആർ<br>PAC തുക : 98965/- | 08-10-18 | 08-11-18 | 98548/-<br>107/18-19/<br>30-01-19 | 1000 |
| 5 | കോയിപ്പുറത്ത് പടി കൊട്ടുത്തുർ പടിഞ്ഞാറ്റേതിൽ ഐറിഷ് ഡ്രയിൻ നിർമ്മാണം(143/19)<br>കരാറുകാരൻ : ബിജു.എം<br>PAC തുക : 150987/- | 08-10-18 | 08-11-18 | 150829/-<br>92/18-19/<br>20-12-18 | 1510 |
| 6 | തടത്തിൽ കോളനി സംരക്ഷണഭിത്തി നിർമ്മാണം(233/18, 228/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ.G<br>PAC തുക : 299997/- | 13-03-18 | 31-03-18 | 240401/-<br>79/18-19/<br>29-11-18 | 3000 |
| 7 | മേലേടത്ത് പടി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ : കൃഷ്ണകുമാർ.കെ.ആർ<br>PAC തുക : 410006/- | 09-10-18 | 08-11-18 | 409989/-<br>95/18-19/<br>27-12-18 | 4100 |
| 8 | മഹാദേവ ക്ഷേത്രം മുതലാമഠം റോഡ് പുനരുദ്ധാരണം(85/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ.G<br>PAC തുക : 608278.6 | 26-09-18 | 25-10-18 | 608279/-<br>100/18-19/<br>31-12-18 | 6083 |
| 9 | മനോജ് ഭവനം തയ്യിൽ ജം. റോഡ് കോൺക്രീറ്റിംഗ് (274/19)<br>കരാറുകാരൻ : അജീഷ്.എസ് | 04-08-18 | 31-08-18 | 141236/-<br>111/18-19/<br>11-03-19 | 1414 |

| | | | | | |
|---|---|---|---|---|---|
| | PAC തുക : 141358/- | | | | |
| 10 | വല്ലഭത്തും പടി WM ചർച്ച് റോഡ് പതിയാൻ പടി-MC റോഡ് ഭാഗം വരെ റീടാറിംഗ്(199/18, 184/19)<br>കരാറുകാരൻ : കൃഷ്ണകുമാർ.കെ.ആർ<br>PAC തുക : 940204/- | 13-11-17 | 27-11-17 | 02/18-19/ 24-05-18 500000/-<br>25/18-19/ 12-08-18 439204/- | 9402 |
| 11 | സാൽവേഷൻ ആർമി കുമ്പളം വിള കോളനി റോഡ് പുനരുദ്ധാരണം(193/18, 212/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ.G<br>PAC തുക : 608278.6 | 05-12-17 | 01-01-18 | 104/18-19/ 23-01-19 394179/-<br>105/18-19/ 23-01-19 604234/- | 6083 |
| | ആകെ | | | | 39570 |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം നഗരസഭയ്ക്ക് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/30-12-19) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 പാർക്കിംഗ് ഏരിയ ഇല്ലാത്ത കെട്ടിടത്തിൽ വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്നു

അടൂർ താലൂക്കിൽ പെരിങ്ങനാട് വില്ലേജിൽ സർവ്വേ നം. 159/19-ൽ ഉൾപ്പെട്ട 5.40 ആർ സ്ഥലത്ത് നിലവിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ (ആറ്റിൻകര ഇലക്ട്രോണിക്സ്) second floor എക്സ്റ്റൻഷൻ നടത്തിയത് ക്രമവൽക്കരിക്കുന്നതിനായി കെട്ടിടയുടമയായ ശ്രീ. കുമരേശൻ, മേഘാലയത്തിൽ, ചിറ്റാറ്റിൻകര, ആറ്റിങ്ങൽ എന്ന വ്യക്തി അപേക്ഷ നൽകിയിരുന്നു. കംപ്ലീഷൻ പ്ലാൻ അനുസരിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Existing | പ്ലിന്റ് ഏരിയ (ച.മീ) | കാർപ്പെറ്റ് ഏരിയ (ച.മീ) |
|---|---|---|
| Ground floor | 273.62 | 218.89 |
| First floor | 343.71 | 274.96 |
| Stair room | 13.60 | - |
| **Total** | **630.93** | **493.85** |
| Extension | | |
| Second floor | 319.31 | 255.44 |
| **Total** | **950.24** | **749.29** |

നിലവിൽ ടി കെട്ടിടത്തിൽ ആറ്റിൻകര ഇലക്ട്രോണിക്സ് എന്ന സ്ഥാപനം പ്രവർത്തിച്ച് വരികയാണ്. എക്സ്റ്റൻഷൻ നടത്തിയ Second floor ഇതേ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരികയാണ്. കെട്ടിടത്തിന്റെ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

കെ.എം.ബി.ആർ. ചട്ടം 34(2) പ്രകാരം കാർപെറ്റ് വിസ്തീർണ്ണം 1000ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 75ച.മീ. കാർപെറ്റ് വിസ്തീർണ്ണത്തിന് ഒരു കാർ പാർക്കിംഗ് (15 ച.മീ) ആവശ്യമാണ്. കൂടാതെ വൈകല്യമുള്ള വ്യക്തികൾക്കായി കവാടത്തിനടുത്തായി ഒരു കാർ പാർക്ക് ചെയ്യുന്നതിനുള്ള 3.6മീറ്റർ വീതിയിൽ പ്രത്യേകം സ്ഥലം മാറ്റി വയ്ക്കേണ്ടതുണ്ട്. ഇതനുസരിച്ച് ഈ കെട്ടിടത്തിന് ആകെ 11 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ആവശ്യമാണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്തെ തുറസ്സായ സ്ഥലം പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിൽ 10 കാർ പാർക്കിംഗ് ആണ് കാണിച്ചിരിക്കുന്നത്. കൂടാതെ ചട്ടം 34(6) പ്രകാരം ഗ്രൂപ്പ് F ഒക്കുപ്പൻസികളിൽ കാർ പാർക്കിംഗിനുള്ള സ്ഥലത്തിന് പുറമേ ആദ്യ 700 ച.മീ കഴിഞ്ഞുള്ള ഓരോ 1000 ച.മീ-നും അതിന്റെ ഭാഗത്തിനും 30 ച.മീ സ്ഥലം ലോഡിംഗ്, അൺലോഡിംഗ് ആവശ്യത്തിനായി നീക്കിവയ്ക്കണം. ഇതും കെട്ടിടത്തിന്റെ മുൻവശത്തെ തുറസ്സായ സ്ഥലത്താണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുൻവശത്തെ തുറസ്സായ സ്ഥലം പൂർണ്ണമായി പാർക്കിംഗിന് ഉപയോഗിക്കുവാൻ പാടില്ലെന്ന റൂൾ 34(6)-ലെ വ്യവസ്ഥ പരിഗണിച്ചിട്ടില്ല. വാഹനങ്ങൾ വളഞ്ഞുതിരിയുന്നതിന് സൗകര്യമുണ്ടെങ്കിൽ മാത്രമേ തുറസ്സായ സ്ഥലത്തിന്റെ (front yard) 50 ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം പാർക്കിംഗിന് ഉപയോഗിക്കാൻ കഴിയൂ. ആകെ പാർക്കിംഗിന്റെ 25% ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിന് മാറ്റി വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

ടി അപാകതകൾ കാരണം കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് നൽകിയിട്ടില്ല. എന്നാൽ ടി കെട്ടിടത്തിൽ ഇപ്പോൾ വാണിജ്യ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. ടി അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ നാളിതുവരെ യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28.12.2019-ൽ ഓഡിറ്റ് എൻക്വയറി (നം.27) നൽകിയിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല എന്ന മറുപടിയാണ് അസി.എഞ്ചിനീയർ ലഭ്യമാക്കിയത്. അനധികൃത നിർമ്മാണത്തിനെതിരെ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 18-ൽ നിർദ്ദേശിച്ചിട്ടുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിയമലംഘനം നടത്തി കെട്ടിടം നിർമ്മിക്കുന്നതിനെതിരെ ചീഫ് ടൗൺ പ്ലാനർക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

# 1-16 ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വാങ്ങാതെ സിനിമാ തിയേറ്റർ പുനർനിർമ്മിക്കുവാൻ പെർമിറ്റ് നൽകി

അടൂർ വില്ലേജിൽ സർവ്വേ നം. 357/9 -ൽ ഉൾപ്പെട്ട 41.40 ആർ സ്ഥലത്ത് നിലവിൽ സ്ഥിതിചെയ്യുന്ന നയനം, നാദം എന്നീ തിയേറ്ററുകൾ (2 സ്ക്രീൻ) പുതുക്കിപ്പണിത് 4 സ്ക്രീൻ ആക്കുന്നതിന് പെർമിറ്റ് അനുവദിക്കുന്നതിനുള്ള ശ്രീ. വിജയൻ ഉണ്ണിത്താൻ, അഴകത്ത് ബംഗ്ലാവ്, മണക്കാല എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് 18.04.2017-ൽ BA-491/16-17 നമ്പരായി പെർമിറ്റ് അനുവദിച്ചു. നയനം, നാദം തിയേറ്ററുകൾക്ക് നിലവിലുണ്ടായിരുന്ന തറവിസ്തീർണ്ണമായ 1982.64 ച.മീ-ൽ (കാർപെറ്റ് വിസ്തീർണ്ണം-1586.09 ച.മീ.) നവീകരണം നടത്തി 2 സ്ക്രീനുകൾ 4 സ്ക്രീനുകളാക്കി മാറ്റുന്നതിനും 100.37 ച.മീ. തറവിസ്തീർണ്ണമുള്ള കോഫീ ഷോപ്പ് അധികമായി നിർമ്മിക്കുന്നതിനുമായിരുന്നു പെർമിറ്റ് അനുവദിക്കുന്നത് എന്നാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പെർമിറ്റിന്റെ പകർപ്പ്, അപ്രൂവ്ഡ് പ്ലാൻ എന്നിവ ഫയലിൽ ലഭ്യമല്ല. ഇതിനുശേഷം 29.12.2017-ൽ ടി പെർമിറ്റ് റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചു. ഇത് പ്രകാരം 18.06.2018-ന് BA-491/16-17 നമ്പരായി പെർമിറ്റ് റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട്. പെർമിറ്റ് അനുവദിക്കുന്നതിനായി സമർപ്പിച്ച പ്ലാൻ, നോട്ട് ഫയൽ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| Existing | പ്ലിന്ത് ഏരിയ (ച.മീ.) | കാർപെറ്റ് ഏരിയ (ച.മീ.) |
|---|---|---|
| | | |

| | | |
|---|---|---|
| നയനം തിയേറ്റർ | 858.54 | 686.83 |
| നാദം തിയേറ്റർ | 511.34 | 409.07 |
| കോഫി ഷോപ്പ് | 275.46 | 220.36 |
| മിനി തിയേറ്റർ-2 | 190.77 | 152.61 |
| സ്നാക്സ് ബാർ | 20.75 | 16.60 |
| ജനറേറ്റർ റൂം | 17 | 136 |
| നിലവിലുള്ള കെട്ടിടം | 108.33 | 87.02 |
| **ആകെ** | **1982.64** | **1586.09** |
| Proposed | | |
| മിനി തിയേറ്റർ- 1 | 184.33 | 134.89 |
| **ആകെ** | **2166.97** | **1720.98** |

(പെർമിറ്റിന്റെ പകർപ്പിൽ Total building area 1839.36 $m^2$ and extended area 47.58 $m^2$ എന്നാണ് കാണിച്ചിരിക്കുന്നത്. )

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55 പ്രകാരം D-വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന, ആകെ തറവിസ്തീർണ്ണം 1500 ച.മീ. കവിയുന്ന കെട്ടിടങ്ങളുടെ ലേ ഔട്ടിനും പ്ലോട്ടിന്റെ ഉപയോഗത്തിനും ജില്ലാ ടൗൺപ്ലാനറിൽ നിന്ന് അനുമതി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ D-വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന ടി തിയേറ്ററിന്റെ പുനർനിർമാണം, കൂട്ടിച്ചേർക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ലേ ഔട്ടിനും പ്ലോട്ടിന്റെ ഉപയോഗത്തിനും ജില്ലാ ടൗൺപ്ലാനറിൽ നിന്ന് അനുമതി വാങ്ങിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28.12.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27), ബിൽറ്റ് അപ്പ് ഏരിയ 184.33 മാത്രമായതിനാൽ ജില്ലാ ടൗൺപ്ലാനറിൽ നിന്ന് അനുമതി ആവശ്യമില്ലായെന്ന് മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. നിലവിലുള്ള സിനിമാ തിയേറ്റർ നവീകരിക്കുമ്പോൾ ബിൽറ്റ് അപ് ഏരിയയിൽ വ്യത്യാസം ഉണ്ടാകുന്നില്ലെങ്കിൽ മാത്രമേ ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ഇല്ലാതെ നഗരസഭയ്ക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(10a)(i) വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ മുനിസിപ്പൽ എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 സർക്കാർ സ്ഥാപനങ്ങൾ വസ്തുനികുതി അടവാക്കുന്നില്ല

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള/ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും വസ്തുനികുതി അടയ്ക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി | ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | 2018-19 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| X/243-251 | 1 | കേരള വാട്ടർ അതോറിറ്റി - വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | 90455 | 2003-04 മുതൽ 2018-19വരെ | 1447280 |
| IV/160-191 | 2 | പോലീസ് ഇൻസ്പെക്ടറുടെ | 5184 | 2005-06 മുതൽ 2018-19 വരെ | 72576 |

| | | | | | |
|---|---|---|---|---|---|
| | | കാര്യാലയം, അടൂർ | | | |
| VII/465 | 3 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പറക്കോട് | 3276 | 2003-04 മുതൽ 2018-19 വരെ | 52416 |
| XVII/1108-1109 1112-1116 | 4 | മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 3456 | 2003-04 മുതൽ 2018-19 വരെ | 55296 |
| XVII/1111(1) | 5 | മെഡിക്കൽ ഓഫീസർ, സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ | 725 | 2012-13 മുതൽ 2018-19 വരെ | 5075 |
| XV/253, 254,255 | 6 | പി.ഡബ്ല്യൂ.ഡി. റോഡ്സ് സബ് ഡിവിഷൻ, അടൂർ | 771 | 2003-04 മുതൽ 2018-19വരെ | 12336 |
| XVII/1110, 1111 | 7 | മാനേജിംഗ് ഡയറക്ടർ, കേരള ഹെൽത്ത് റിസർച്ച് സെന്റർ | 1176 | 2015-16 മുതൽ 2018-19 വരെ | 4704 |
| | | ആകെ | | | 1649683 |

കടിശ്ശിക തുക ഈടാക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-18 വാണിജ്യാവശ്യത്തിനുള്ള 100m2-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചുതു മൂലം വരുമാന നഷ്ടം

നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ പ്രസ്തുത കെട്ടിടത്തെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി)18/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 65/-രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 90/-രൂപയുമായി 31.07.2012 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | കെട്ടിട നം /വാർഡ് നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി-(ച.മീറ്ററിന് | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി-(ച.മീറ്ററിന് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | 65രൂപ നിരക്കിൽ) | 90രൂപ നിരക്കിൽ) | |
| അലക്സ് പി. മാത്യു, അജു പി മാത്യു, ഫീൽഡ് വ്യൂ | 1621(1)/17 | 64.35 | 4182.75 | 5791.5 | 1608.75 |
| | 1621(2) | 93.79 | 6096.35 | 8441.1 | 2344.75 |
| | | | | ആകെ | **3953.5** |
| M.G.ചെറിയാൻ, മംഗലത്തു പുത്തൻ വീട്, കണ്ണംകോട് | 263(3)/17 | 84 | 5460 | 7560 | 2100 |
| | 263(4) | 84 | 5460 | 7560 | 2100 |
| | | | | ആകെ | **4200** |
| സാറാസ് ചെറിയാൻ, നടയ്ക്കാവിൽ, അടൂർ | 930(1)(17) | 20.42 | 1327.3 | 1837.8 | 510.5 |
| | 930(1A) | 20.42 | 1327.3 | 1837.8 | 510.5 |
| | 930(1B) | 35.54 | 2310.1 | 3198.6 | 888.5 |
| | 930(2) | 16.23 | 1054.95 | 1460.7 | 405.75 |
| | 930(2A) | 8.42 | 547.3 | 757.8 | 210.5 |
| | 930(3) | 25.72 | 1671.8 | 2314.8 | 643 |
| | 930(3A) | 25.72 | 1671.8 | 2314.8 | 643 |
| | 930(3B) | 35.22 | 2289.3 | 3169.8 | 880.5 |
| | 930(4) | 24.69 | 1604.85 | 2222.1 | 617.25 |
| | | | | ആകെ | **5309.5** |
| യമുനാദേവി, പ്രഭാകോംപ്ലക്സ്, കണ്ണംകോട് | 450(1)/17 | 68.84 | 4474.6 | 6195.6 | 1721 |
| | 450(2)/17 | 53.40 | 3471 | 4806 | 1335 |
| | 450(3)/17 | 53.40 | 3471 | 4806 | 1335 |
| | | | | ആകെ | **4391** |
| കെ.ബിജി, ആഞ്ഞിലിത്തോപ്പിൽ സ്നേഹസദനം | 1208(1)/17 | 53.03 | 3446.95 | 4772.7 | 1325.75 |
| | 1208(2)/17 | 53.03 | 3446.95 | 4772.7 | 1325.75 |
| | | | | ആകെ | **2651.5** |
| തോമസ് മോനച്ചൻ, കാഞ്ഞിരക്കാട്ട് ഹൗസ് | 88/17 | 59.14 | 3844.1 | 5322.6 | 1478.5 |
| | 88(1)/17 | 74.40 | 4836 | 6696 | 1860 |
| | 88(2)/17 | 56.16 | 3650.4 | 5054.4 | 1404 |
| | | | | ആകെ | 4742.5 |
| നവാസ്, നവാസ് ഭവനം, താമരക്കുളം | 1354(5)/17 | 62.76 | 4079.4 | 5648.4 | 1569 |
| | 1354(6) | 35.25 | 2291.25 | 3172.5 | 881.25 |
| | 1354(7) | 35.25 | 2291.25 | 3172.5 | 881.25 |
| | | | | ആകെ | 3331.5 |
| ലത്തീഫ്, | 1354(8)/17 | 62.07 | 4034.55 | 5586.3 | 1551.75 |

| | | | | | |
|---|---|---|---|---|---|
| കാഞ്ഞിരവിളയിൽ, പഴകുളം | 1354(9)/17 | 34.53 | 2244.45 | 3107.7 | 863.25 |
| | 13549(10)/17 | 34.53 | 2244.45 | 3107.7 | 863.25 |
| | | | | ആകെ | 3278.25 |
| ഹമീം, ആദിൽ മൻസിൽ, അടൂർ | 173(1)/24 | 55.86 | 3630.9 | 5027.4 | 1396.5 |
| | 173(2)/24 | 61.30 | 3984.5 | 5517 | 1532.5 |
| | | | | ആകെ | 2929 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (30/30.12.19) മറുപടി ലഭ്യമാക്കിയില്ല. ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറ വിസ്തീർണ്ണത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല. ജി.ഒ.(ആർ.റ്റി) നം.17/2011/തസ്വഭവ/തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ നികുതി 500 രൂപയുമാണ്. മുനിസിപ്പൽ കൗൺസിലിന്റെ 31.07.2012 ലെ തീരുമാന പ്രകാരം നഗരസഭാപരിധിയിലെ മൊബൈൽ ടവറുകൾക്ക് നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് 500 രൂപയാണ്. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിൽ ഗൗരവകരമായ അലംഭാവമാണ് നഗരസഭ കാണിക്കുന്നത്. മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നാളിതുവരെ അസസ്സ് ചെയ്തിട്ടുള്ള മൊബൈൽ ടവറുകളിൽ 2 ടവറുകൾ മാത്രമാണ് വസ്തു നികുതി അടച്ചിട്ടുള്ളത്.

വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള വസ്തുനികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽടവറുകളുടെ വിശദാംശം | വർഡ് നമ്പർ/ കെട്ടിട നമ്പർ | പ്രതിവർഷ നികുതി തുക | കാലയളവ് | 31/03/2018 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1 | വയർലെസ് ടി.ടി. ഇൻഫോ സർവ്വീസ് | 15/492(5) | 17880 | 2014-15 – 2018-19 | 89400 |
| 2 | വയർലെസ് ടിടി ഇൻഫോ സർവ്വീസ് | 20/175(5) | 17880 | 2016-17 - 2018-19 | 53640 |
| 3 | മാനേജർ, എ.എസ്. ഭാരതി ലിമിറ്റഡ്, മാറാട് പി.ഒ., കൊച്ചി | 7/44(1) | 6240 | 2016-17 - 2018-19 | 18720 |
| 4 | മാനേജർ, ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 18/379(1) | 17880 | 2017-18,2018-19 | 35760 |
| 5 | ഇൻഡസ് ടവർ ലിമിറ്റഡ് | 17/1442(14) | 17880 | 2014-15 – 2018-19 | 89400 |
| 6 | ഇൻഫ്രാ ടെൽ ലിമിറ്റഡ് | 11/5402) | 17880 | 2017-18,18-19 | 35760 |
| | ആകെ | | | | 322680 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി ബന്ധപ്പെട്ട മൊബൈൽ കമ്പനികളിൽ നിന്നും ഈടാക്കുന്നതിന് നഗരസഭാധികൃതർ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതുമായി ബന്ധപ്പെട്ട പരാമർശമുണ്ടായിരുന്നുവെങ്കിലും നാളിതു വരെ ഈ വിഷയത്തിൽ യാതൊരുവിധ നടപടികളും നഗരസഭാധികൃതർ സ്വീകരിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്ത് വസ്തുനികുതി ഈടാക്കി ആയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-20 വസ്തു നികുതി ഈടാക്കാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

അടൂർ നഗരസഭാ പരിധിയിൽ സ്ഥിതിചെയ്യുന്ന റവന്യൂ ടവറിന് മുകളിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് മൊബൈൽ ടവറുകളുടേയും ബി.എസ്.എൻ.എൽ.ടവറുകളുടേയും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും അനധികൃത മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിക്കുന്നതിന് നാളിതുവരെയും യാതൊരു നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (3/18.12.19)വസ്തു നികുതി ഈടാക്കാത്ത ടവറുകൾ ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ളതാണെന്ന മറുപടിയാണ് നൽകിയത്. സർക്കുലർ നം.11414/ ആർ.ഡി.2/2010ത.സ്വ.ഭ.വ. തീയതി. 30.10.2010 പ്രകാരം ബി.എസ്.എൽ. ടവറുകൾക്ക് വസ്തു നികുതി ബാധകമാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടവറുകളുടേയും നികുതിനിർണയിച്ച് ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1 | കേരള ഹൗസിംഗ് ഫിനാൻസ് | II |
| 2 | ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി | II |
| 3 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | I,II |
| 4 | സിൻഡിക്കേറ്റ് ബാങ്ക് | I,II |
| 5 | മുത്തൂറ്റ് ഫിനാൻസ് ഇൻഡ്യാ ലിമിറ്റഡ് | I,II |
| 6 | മുത്തൂറ്റ് ഫിനാൻസ് | I,II |
| 7 | കെ.എസ്.എഫ്.ഇ.അടൂർ | II |
| 8 | എൽ.ഐ.സി. | I,II |
| 9 | ജില്ലാ സഹകരണ ബാങ്ക് | I,II |
| 10 | യൂ.എ.ഇ. എക്സ്ചേഞ്ച് | I,II |
| 11 | കാനറ ബാങ്ക് | I,II |
| | | |

| | | |
|---|---|---|
| 12 | പോപ്പുലാർ ഫിനാൻസ് | I,II |
| 13 | കൊശമറ്റം ഫിനാൻസ് | I,II |
| 14 | ധനലക്ഷ്മി ബാങ്ക് | I,II |
| 15 | ബാങ്ക് ഓഫ് ഇൻഡ്യ | I,II |

സ്ഥാപന തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ആയത് അടിയന്തിരമായി ഈടാക്കേണ്ടതും ശിക്ഷണ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച്-

2018-19 ലെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി പല സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അടവാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1. | ജില്ലാ നിർമ്മിതി കേന്ദ്രം | I,II |
| 2. | ത്രിവേണി സൂപ്പർ മാർക്കറ്റ് | I,II |
| 3. | ത്രിവേണി സ്റ്റേഷനറി | I,II |
| 4. | സിവിൽ സപ്ലൈസ് മെഡിക്കൽ സ്റ്റോർ | I,II |
| 5. | ഐ.സി.ഡി.പി.സബ് സെന്റർ, ആനന്ദപ്പള്ളി | I,II |
| 6. | സബ് പോസ്റ്റോഫീസ്, പറക്കോട് | II |
| 7. | ബ്രാഞ്ച് പോസ്റ്റോഫീസ് | II |
| 8. | അമലഗിരി എസ്റ്റേറ്റ് | I,II |
| 9. | സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I,II |
| 10. | എസ്.കെ. എഡ്യൂക്കേഷൻ സെന്റർ | I,II |
| 11. | യമുന ഫ്യൂവൽ സ്റ്റേഷൻ | I,II |
| 12. | ബാർ കൗൺസിൽ അടൂർ | I,II |
| 13. | ഇൻഡസ് മോട്ടോഴ്സ്,വാർഡ് 5 | I,II |
| 14. | വിജയ ടിംബർ ഇൻഡസ്ട്രീസ് | II |
| 15. | വിനായക ടിംബർ ഇൻഡസ്ട്രീസ് | II |
| 16. | എം.എസ്.ഹോളോബ്രിക്സ് | I,II |
| 17. | മനു ടിംബർ ഇൻഡസ്ട്രീസ് | I,II |
| 18. | പാർക്ക് റെസിഡെൻസി ഹോട്ടൽ | I,II |
| 19. | | |

| | | |
|---|---|---|
| | കൊശമറ്റം ഫിനാൻസ്,വാർഡ് 12 | I |
| 20. | റിലയൻസ് പെട്രോൾ പമ്പ് വാർഡ് 15 | I,II |
| 21. | കോട്ടയ്ക്കൽ ഇൻഡീരിയേഴ്സ് & റൂഫിംഗ് | I,II |
| 22. | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ,വാർഡ് 15 | I |
| 23. | സെൻട്രൽ പാർക്ക് ഹോട്ടൽ | I,II |
| 24. | L.B.S സെന്റർ ഫോർ സയൻസ് & ടെക്നോളജി | II |
| 25. | റിക്കോ ഫുട് വെയേഴ്സ് | I,II |
| 26. | പോപ്പുലാർ ഓട്ടോ മൊബൈൽസ് | II |
| 27. | പവിത്ര ആയൂർവേദിക് ഹോസ്പിറ്റൽ | II |
| 28. | ഗ്രാന്റ് സിറ്റി ഷോപ്പിംഗ് സെന്റർ | I,II |
| 29. | സ്റ്റെപ്സ് ബേക്കറി | I,II |
| 30. | ഔഷധി, വാർഡ് 17 | II |
| 31. | അനശ്വര ജ്വേലേഴ്സ് | I,II |
| 32. | അഖിലം ടെക്സ്റ്റൈൽസ് | I,II |
| 33. | മെഡികെയർ ഏജൻസീസ് | I |
| 34. | വെസ്റ്റേൺ ഡയഗ്നോസ്റ്റിക്സ് & റിസേർച്ച് സെന്റർ | I,II |
| 35. | NSS യൂണിയൻ | I,II |
| 36. | കൈരളി സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ലാബ് | I,II |
| 37. | SDE ടെലകോം ഡിപ്പാർട്മെന്റ് | I,II |
| 38. | കൊശമറ്റം ,അട്ടൂർ വെസ്റ്റ് | II |
| 39. | M.R.ടെക്സ്റ്റെയിൽസ് | I,II |
| 40. | രാജധാനി റെസ്റ്റോറന്റ് | I,II |
| 41. | സ്മിതാ തീയേറ്റർ | I,II |
| 42. | പത്മാവതി ട്ടൂറിസ്റ്റ് ഹോം | I,II |
| 43. | പവ്വത്ത് ജ്വലറി | II |
| 44. | പി.ഒ.തോമസ്&സൺസ് സൂപ്പർമാർക്കറ്റ് | I,II |
| 45. | ഹോട്ടൽ ലാൽസ് റെസിഡൻസി | I,II |
| 46. | കാർവി സ്റ്റോക്ക് ബുക്കിംഗ് | I,II |
| 47. | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | I,II |

| | | |
|---|---|---|
| 48. | ഫെയർ ഡീൽ ഫൈനാൻസിയേഴ്സ് | I,II |
| 49. | IATS | I,II |
| 50. | ഭാരത് ഹിന്ദി പ്രചാര സഭ | I,II |
| 51. | ആൻസ് ഡെന്റൽ ക്ലിനിക് | I,II |
| 52. | ഗ്രാന്റ് മോട്ടോഴ്സ് | I,II |
| 53. | മെറിലാന്റ് മോട്ടോഴ്സ് | I,II |
| 54. | ഗീഹോൻ ടൈൽസ് & ഗ്രാനൈറ്റ്സ് | I,II |
| 55. | കേരള ഹൗസിംഗ് ഫിനാൻസ് | I,II |
| 56. | വിജയാ ഹോം അപ്ലൈൻസസ് | I,II |
| 57. | അപ്സര ടിംബർ ഇൻഡസ്ട്രീസ് | I,II |
| 58. | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | II |
| 59. | നൈനാൻ മോട്ടോഴ്സ് | I,II |
| 60. | ഗിരിജ ടിംബർ ഇൻഡസ്ട്രീസ് | I,II |
| 61. | ഇസാഫ് ,വാർഡ് 19 | II |
| 62. | യമുനാ ഏജൻസീസ് | I,II |
| 63. | മാർത്തോമാ യൂത്ത് സെന്റർ | I,II |
| 64. | ഭാരത് മോട്ടോഴ്സ് | I,II |
| 65. | ഓർമ മാർബിൾസ് | I,II |

നഗരസഭാ പരിധിയിലെ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും നികുതി ഒടുക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ കോടതികളും സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരിൽനിന്നും ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.23/28.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിന് 2003 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം11 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-21-3 തൊഴിൽ നികുതി - അപാകതകൾ

2018-19 വർഷത്തിൽ മുനിസിപ്പാലിറ്റി പരിധിയിലെ ജീവനക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും തൊഴിൽനികുതി പിരിച്ചതിലും രജിസ്റ്റർ തയ്യാറാക്കിയതിലുമുള്ള അപാകതകൾ താഴെ പറയുന്നു.

1.2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭയുടെ പരിധിയിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ വാർഡ് തിരിച്ചിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളുടെ പേരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല.

2.വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി ശരിയായി സൂക്ഷിച്ചിട്ടില്ല.

3.തൊഴിൽനികുതിയുടെ രജിസ്റ്ററുകൾ - എഴുതി പൂർത്തിയാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഫ്രണ്ട് ഓഫീസിൽ പ്രാഥമിക പരിശോധനയും ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷ്മ പരിശോധനയും നടത്തി ഒടുക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഓരോ ജീവനക്കാരന്റേയും വരുമാന വിവരം പരിശോധിച്ച് ആയത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തുടർവർഷങ്ങളിൽ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4.കുടിശ്ശിക ഈടാക്കിയോ, ഇല്ലയോ എന്നതു പരിശോധിക്കുന്നത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

# 1-22-1 വാടകപിരിവ് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് നിയമാനുസൃതമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്.)105/97-ലെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 1-22-2 നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനോ അല്ലാതെയോ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കണമെന്ന് മേൽ വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നഗരസഭയുടെ 204 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 80 വാടകക്കാരുമായി മാത്രമെ 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുള്ളു. അവശേഷിക്കുന്ന 124 കടമുറികളിലെ വാടകക്കാരിൽ നിന്നും മുദ്രപ്പത്രവിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 24800/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടമായി. മാത്രമല്ല നഗരസഭയും വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്ക്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. ഭാവിയിൽ കടമുറികൾ സംബന്ധമായ എന്തെങ്കിലും തരത്തിലുള്ള കോടതി വ്യവഹാരങ്ങൾ ഉണ്ടാവുകയാണെങ്കിൽ കരാർ ചമയ്ക്കാത്തതുമൂലം നഗരസഭയ്ക്ക് നിലനിൽപ്പില്ലാത്ത അവസ്ഥ ഉണ്ടാകാനും ഇടയുണ്ട്. ആയതിനാൽ ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 കെട്ടിട ഉടമയുടെ അനുമതി പത്രം ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു

നഗരസഭാ പരിധിയിൽ വാടകയ്ക്ക് കടമുറികൾ എടുത്ത് കച്ചവടം ചെയ്യുന്ന വ്യാപാരികൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ കെട്ടിട ഉടമയിൽനിന്നും എഗ്രിമെന്റ് വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ G.O.(Rt.)No.3361/2017, തീയതി 23.10.2017 നമ്പർ ഉത്തരവ് പ്രകാരം ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകളിൽ അപേക്ഷകന്റെ ഐഡി

പ്രൂഫ്, കടയുടമയിൽ നിന്നും ലീസ് ഡീഡ്, അഥവാ ലീഗൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകന്റെ ഐഡി പ്രൂഫ് മാത്രം ഹാജരാക്കിയിട്ടുള്ളവർക്കും ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷന്റെ പേര് | വാർഡ് നമ്പർ/ കെട്ടിടനം | വാടക/ സ്വന്തം | സ്ഥാപനം | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|---|---|
| 1 | ജോസ് കുര്യൻ | V, 155(1) | വാടക | ബേക്കറി | രേഖപ്പെടുത്തിയിട്ടില്ല |
| 2 | റീന എസ്, പന്നിവിഴ, അടൂർ | V, 181(1) | വാടക | സ്റ്റേഷനറി | രേഖപ്പെടുത്തിയിട്ടില്ല |
| 3 | ഷാജി സി ജെ പന്നിവിഴ, അടൂർ, | V, 326(9) | വാടക | സ്റ്റേഷനറി, ഡി. റ്റി പി | രേഖപ്പെടുത്തിയിട്ടില്ല |
| 4 | ബാബു, ദീപം, പന്നിവിഴ, അടൂർ | V, 212(10,11,12 | വാടക | രാസ – ജൈവ വളങ്ങൾ | രേഖപ്പെടുത്തിയിട്ടില്ല |

കടയുടമയുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാത്തവർക്ക് ലൈസൻസ് പുതുക്കി നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഭൂരിഭാഗം അപേക്ഷകളിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ആയത് ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പറക്കോട് അനന്തരാമപുരം മാർക്കറ്റ് ആട്ടിറച്ചി സ്റ്റാൾ - ഒഴിഞ്ഞുകിടക്കുന്നു.

പറക്കോട് അനന്തരാമപുരം മാർക്കറ്റ് ആട്ടിറച്ചി സ്റ്റാൾ, ഷറഫുദ്ദീൻ, കല്ലുന്താനത്ത് പടീറ്റതിൽ, വടക്കടത്ത്കാവ് എന്ന വ്യക്തി കുത്തകാവകാശമായി മുൻ വർഷങ്ങളിൽ ലേലം കൊണ്ടിരുന്നതാണ്. 28-02-18-ന് 2018-19 വർഷത്തെ ലേലം നടത്തിയതിന് മുൻ വർഷത്തേക്കാൾ കൂടിയ തുകക്ക് ലേലം കൊള്ളുവാൻ ടിയാൻ തയ്യാറായില്ല. ആയതിനാൽ 18-03-18, 27-03-18, 07-04-18 തീയതികളിൽ പുനർലേലം ചെയ്തുവെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ല. നിലവിൽ ടി സ്റ്റാൾ ഒഴിഞ്ഞു കിടക്കുന്നു. സ്റ്റാൾ പുനർലേലം ചെയ്യുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 അംഗീകൃത അറവുശാല നിർമ്മിച്ചിട്ടില്ല

നഗരസഭാ പരിധിയിൽ താഴെപ്പറയുന്ന ഇറച്ചി സ്റ്റാളുകൾ വർഷങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

1.ശ്രീമൂലം മാർക്കറ്റ് മാട്ടിറച്ചി സ്റ്റാൾ, അടൂർ

2.സെൻട്രൽ ടോൾ മാർക്കറ്റ് മാട്ടിറച്ചി സ്റ്റാൾ, അടൂർ

3.സെൻട്രൽ ടോൾ മാർക്കറ്റ് ആട്ടിറച്ചി സ്റ്റാൾ, അടൂർ

4.അനന്തരാമപുരം മാർക്കറ്റ് മാട്ടിറച്ചി സ്റ്റാൾ, പറക്കോട്

5.അനന്തരാമപുരം മാർക്കറ്റ് ആട്ടിറച്ചി സ്റ്റാൾ, പറക്കോട് (ലേലം പോയിട്ടില്ല.)

ബുച്ചർ ലൈസൻസുള്ള വ്യക്തികൾക്ക് ഇവ ലേലം ചെയ്യുകയാണ് ചെയ്യുന്നത്. അവർ അംഗീകൃത അറവുശാല നിലവിലുള്ള സമീപ മുനിസിപ്പാലിറ്റിയിൽ നിന്നും മാംസം കൊണ്ടുവന്നാണ് വ്യാപാരം ചെയ്യുന്നത്. നഗരസഭയിൽ ഇത്രയും ഇറച്ചി സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അംഗീകൃത അറവുശാല നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും നഗരസഭ സ്വീകരിച്ചിട്ടില്ല. വർഷാവർഷം അറവുശാല നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും ആയത് നടപ്പിലാക്കാതെ അവശേഷിക്കുകയാണ് ചെയ്യുന്നത്. അംഗീകൃത അറവുശാല നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# 1-26 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് & റൂൾസ് 1994 ലെ ചട്ടം 3(2) പ്രകാരം വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭാ പരിധിയിൽ 19 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടകളിൽ നിന്നും ട്രേഡ് ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.01.2011ലെ സ.ഉ.(അ.)നം.24/11 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 01.05.2017-ന് പ്രാബല്യത്തിൽ വന്നു. പ്രസ്തുത ചട്ടങ്ങളെ അടിസ്ഥാനമാക്കി വിവിധ വ്യാപാരങ്ങൾക്ക് ഫീസ് നിശ്ചയിച്ച് കൊണ്ട് കൗൺസിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിജ്ഞാപനത്തിന് സർക്കാർ അംഗീകാരം നൽകുന്ന മുറക്ക് ചട്ടം പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്. എന്നാൽ ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിക്കാത്തതുമൂലം പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കുന്നതിന് നഗരസഭക്ക് സാധിച്ചില്ല. മുനിസിപ്പൽ കൗൺസിലിന്റെ 25.09.1993-ലെ 12-ാം നമ്പർ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്കാണ് 2018-19 സാമ്പത്തിക വർഷവും നഗരസഭ ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. 2011-ലെ ചട്ടത്തിലെ ചട്ടം 7പ്രകാരം ഓരോ വ്യാപാരത്തേയും സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നിവയെ അടിസ്ഥാനമാക്കി A, B, C എന്നീ വിഭാഗങ്ങളായി തരം തിരിക്കേണ്ടതും ചട്ടങ്ങളിലെ I, II പട്ടികയിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. 2011-ലെ ചട്ടം പ്രാബല്യത്തിൽ വന്ന് (സ്റ്റേ റദ്ദ് ചെയ്തത് 01.05.2017-ൽ) രണ്ട് വർഷം കഴിഞ്ഞിട്ടും വിജ്ഞാപനം പുറപ്പെടുവിക്കാൻ നഗരസഭ നടപടി സ്വീകരിക്കാതിരുന്നതിനാൽ ലൈസൻസ് ഫീസിനത്തിൽ ഗണ്യമായ വരവ് നഷ്ടമുണ്ടായി. 2018-19 വർഷം 1657 വ്യാപാര സ്ഥാപനങ്ങൾക്ക് നഗരസഭ ലൈസൻസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി ഇനത്തിലുള്ള നഷ്ടം ശ്രദ്ധേയമാണ്. പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-27-2 വൻകിട സ്ഥാപനങ്ങളുടെ ലൈസൻസ് തുക വളരെ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

മോട്ടോർ കാർ ഡീലർമാരുൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് തുക വളരെ കുറഞ്ഞ നിരക്കിലാണ് ഈടാക്കുന്നത്. ഒരു ദിവസത്തെ വിറ്റുവരവ്, സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നിവയെ അടിസ്ഥാനമാക്കി കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ് നം./ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ | ഈടാക്കിയ |
|---|---|---|---|---|

| നം. | വീട്ട് നം. | | ഇനം | തുക |
|---|---|---|---|---|
| 1 | XIIIV,14,7 | വിനീത് കുമാർ.പി, പോപ്പുലർ ലിമിറ്റഡ് മാരുതി സുസുക്കി കാർ സർവ്വീസ് സെന്റർ, അടൂർ | കാർ സെയിൽസ് & സർവ്വീസ് സെന്റർ | 2000 |
| 2 | V, 316(2) | തോമസ് കുരുവിള, ഇൻഡസ് മോട്ടോഴ്സ്, അടൂർ | കാർ സെയിൽസ് & സർവ്വീസ് സെന്റർ | 2000 |
| 3 | XXIII, 77(4) | സൂസിക്കുട്ടി കോശി, കെ എസ് ബംഗ്ലാവ്, ഏനാത്ത് | കാർ സെയിൽസ് & സർവ്വീസ് സെന്റർ | 750 |
| 4 | XVII,678(10,11) | റോബി മാത്യൂ ജോർജ്ജ്, മണ്ടാത്തേത്ത് വീട്, മണക്കാലാ,അടൂർ | പെട്രോൾ, ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ | 350 |
| 5 | XXII, 1604(10) | തോമസ് വർഗ്ഗീസ്,കോളേജ് റോഡ്, പത്തനംതിട്ട | റ്റുവീലർ സെയിൽസ് & സർവ്വീസ് സെന്റർ | 1000 |
| 6 | IV, (10) 6,7 | ജയകൃഷ്ണൻ, രാമനിലയം, കൊന്നമങ്കര | പെട്രോൾ, ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ | 500 |
| 7 | IV, 55,56 | ഫിലിപ്പ് മാത്യൂ, മണ്ണിൽ ഹൗസ്, അടൂർ | ടൈൽസ് & സാനിട്ടറി | 2570 |
| 8 | IV, (67) 1,2,3 | കെ പി രവീന്ദ്രൻ പിള്ള, കെ പി സദനം, വിനോബാജി റോഡ്, അടൂർ | ഇലക്ട്രിക്കൽ സാധനങ്ങൾ | 600 |
| 9 | IV, (67)9 | സാന്ദ്ര എം, കാർത്തിക, ചെളിക്കുഴി | കമ്പ്യൂട്ടർ സെയിൽസ് | 500 |
| 10 | IV, (68) 9 | മേരി സെബാസ്റ്റ്യൻ, കൊന്നയിൽ, മേരി സദനം, കരുവാറ്റ, അടൂർ | ദന്തൽ ക്ലിനിക്ക് | 1000 |
| 11 | XIII ,26 | ധന്യാ ലക്ഷ്മി, കൈരളി ഭവൻ, പറക്കോട്, അടൂർ | സിമന്റ് വ്യാപാരം | 500 |
| 12 | IV,241(A) | സൂസൻ അലക്സ്, നടക്കാവിൽ, ചുണ്ടയ്യത്ത്, പന്നിവിഴ, അടൂർ | സിമന്റ്, ഹോളോ ബ്രിക്സ് നിർമ്മാണം | 575 |
| 13 | IV, (121) | അലക്സാണ്ടർ ജോൺ, വലിയ വേലൂർ വീട്, പന്നിവിഴ, ആനന്ദപ്പള്ളി. | സിമന്റ്, ഹോളോ ബ്രിക്സ് നിർമ്മാണം | 1000 |
| 14 | XII, 639(1,2) | രാധാകൃഷ്ണക്കുറുപ്പ്, ശ്രീരാഗം, പാലമേൽ, പള്ളിക്കൽ | പെട്രോൾ, ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ | 650 |
| 15 | XII, 555K | ആഷ്നാ വിൽസൺ, കല്ലൂർ ഹൗസ്, കല്ലൂർ ജംഗ്ഷൻ, കടമ്മനിട്ട | ഡെന്റൽ ക്ലിനിക്ക് | 1000 |
| 16 | XII, 148(10) | മാത്യൂ ജോയി, ഷംറോക്ക്, പറക്കോട് | ഡെന്റൽ ക്ലിനിക്ക് | 500 |
| 17 | XII ,654 | രാധാ ദേവി, പൂർണ്ണചന്ദ്ര പറക്കോട്, അടൂർ | പെട്രോൾ, ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ | 1650 |
| 18 | XII ,695 | സിബി ജോൺസൺ, ശങ്കരം പറമ്പിൽ, അടൂർ | സിമന്റ് വ്യാപാരം | 500 |

| | | | | |
|---|---|---|---|---|
| 19 | XII ,766 | സുനോജ് കുര്യൻ, പാലക്കുന്നേൽ വീട്, അതിരമ്പുഴ, കോട്ടയം | ഹോട്ടൽ & റസ്റ്റോറന്റ് , ബീയർ & വൈൻ | 3800 |
| 20 | XV, 256 | ബാബു സ്റ്റീഫൻ, ചിറ്റുണയിൽ, വടക്കേക്കര, കണ്ണംകോട്, അടൂർ | പ്ലംബിംഗ് സാധനങ്ങൾ | 650 |
| 21 | XV, 12,13 | ബിനു ജോയി, വള്ളിവിള കിഴക്കേതിൽ, അടൂർ | എയർ കണ്ടീഷണർ, കൂളർ | 1750 |
| 22 | XV, 209 | ജോബി തോമസ്, കക്കാട് ഹൗസ്, പറക്കോട്, അടൂർ | മാർബിൾ, ടൈൽ വ്യാപാരം | 500 |
| 23 | XV, 219 | പി പൊന്നമ്മ, ജയ വിലാസം, അടൂർ | മാർബിൾ, ടൈൽ വ്യാപാരം | 1000 |
| 24 | XV, 498 | സുനിൽ, മങ്ങേടയ്യത്ത് നിർമ്മാല്യം, ആനയടി, അടൂർ | പ്ലംബിംഗ്, ഇലക്ട്രിക്കൽ സാധനങ്ങൾ | 800 |
| 25 | XV, 532 | ഗബ്രിയൻ ജോൺ, തുണ്ടിൽ കോട്ടപ്പുറത്ത്, കൃഷ്ണപുരം, കായംകുളം | പെട്രോൾ, ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ | 1850 |
| 26 | XV, 20(1,2) | ഓമന ജോർജ്ജ്, മേലേതിൽ, അടൂർ | ടൈൽസ്, ടാങ്ക് പൈപ്പ്, സാനിട്ടറി, ഹാർഡ് വെയേർസ് | 2000 |

2018-19 വർഷം 1657 വ്യാപാര സ്ഥാപനങ്ങൾക്ക് നഗരസഭ ലൈസൻസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഈ ഇനത്തിലുള്ള നഷ്ടം ഭീമമാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. 01.05.2017 തീയതിയിൽ പ്രബല്യത്തിൽ വന്ന 2011-ലെ ചട്ടത്തിലെ A, B, C എന്നീ വിഭാഗങ്ങളായി തരം തിരിക്കേണ്ടതും ചട്ടങ്ങളിലെ I,II പട്ടികയിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഈടാക്കേണ്ടതുമാണ്.

## 1-27-3 പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചു.

2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/ ത.സ്വ.ഭ.വ തീയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ നഗരസഭ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ പുതുതായി ലൈസൻസ് അനുവദിക്കുമ്പോൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 5.09കോടി രൂപ ലാപ്സാക്കി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം 202831939/- രൂപ വകയിരുത്തി 202 പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതിൽ 59പ്രവൃത്തികൾ സ്പിൽ ഓവറും 143 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 155 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 108 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. സാമ്പത്തിക വർഷാവസാനം സമർപ്പിച്ച 47 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 47 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ നഗരസഭ വകയിരുത്തുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥരായ എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ അനാസ്ഥമൂലം ലാപ്സാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്ക്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ച തുക | നടപ്പാക്കിയതും ബിൽ ട്രഷറി ക്യൂവിലായതുമായ പദ്ധതി | ലാപ്സായ ബിൽ തുക | നടപ്പാക്കാത്ത പ്രവൃത്തി | ലാപ്സായ അടങ്കൽ |
|---|---|---|---|---|---|---|---|
| 202 | 202831939 | 108 | 41908191 | 47 | 14830397 | 47 | 146093351 |

ലാപ്സായ അടങ്കലിൽ പുതിയ മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമ്മാണത്തിന്(129/19) വകയിരുത്തിയ 110500000 രൂപയിൽ സാധാരണ വിഹിതമായ 500000 രൂപ കഴിച്ചുള്ള 110000000രൂപ വായ്പയിനത്തിലും എം.എൽ.എ. ഫണ്ടിനത്തിലും കണ്ടെത്തുന്ന തുകയായതിനാൽ അന്തിമ ലാപ്സായ അടങ്കൽ 36093351/- രൂപയാണ്. സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ ക്യൂവിലായത് മൂലവും 47 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 50923748/- രൂപ 2018-19 വർഷം ലാപ്സാക്കി. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിലുള്ള അഭാവവും പൊതുമരാമത്ത് / വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക വികസന പദ്ധതി യഥാസമയം വിലയിരുത്തി നിർവ്വഹണ വേളയിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലാതാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-29 ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ കരാറുകാരന് ക്രമ വിരുദ്ധമായി ഫൈനൽ ബിൽ തുക നൽകി.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ/ 03-11-2016D അനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഏതാനും റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലിന് പകരം BPCLനിന്നും ട്രാൻസ്പോർട്ടർക്ക് നൽകിയ ഡ്യൂപ്ലിക്കേറ്റ് ബിൽ ഹാജരാക്കുകയും ചില പ്രവൃത്തികൾക്ക് അസ്സൽ

ബിൽ ലഭ്യമാക്കാതെയുമാണ് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. അസ്സൽ ബിൽ വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. 2017-18ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള VG-30(S-65) ബിറ്റുമിന്റെ വില 31907.2/T , RS1-Emulsion ന്റെ വില 34149.2/T, SS1 Emulsion ന്റെ വില 36361.44രൂപയുമാണ്. കടത്തുകൂലി, ഓവർഹോഡ് ചാർജ്, കരാറുകാരന്റെ ലാഭ വിഹിതം എന്നിവ ഉൾപ്പെടെ വില യഥാക്രമം 38732.01/T, 41448.08/T, 44122.90 രൂപയുമാണ്. 2016-17ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കടത്തുകൂലി, ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭ വിഹിതം എന്നിവ ഉൾപ്പെടെ വില VG-30(S-65)-40022.27/T, RS1-Emulsion - 41818.28/Tആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ടാറിംഗ് ഇനങ്ങൾക്ക് ആവശ്യമായ ബിറ്റുമിന്റെ വിവരം | ഹാജരാക്കിയ ബില്ലിന്റെ വിവരം | ഫൈനൽ ബിൽ തുക |
|---|---|---|---|
| മണ്ണൂർപ്പടി - അവരുവേലിൽ പടി-ദേവരാഗം പടി റോഡ് പുനരുദ്ധാണം(205/18, 220/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>അടങ്കൽ: 800000<br>ക്വോട്ട് ചെയ്ത തുക : 682310.73<br>പ്രവൃത്തിമൂല്ല്യം : 682310/-<br>ബിൽ നം./ തീയതി തുക<br>73/17-18/18-01-18 341861/-<br>81/18-19/30-11-18 51799/-<br>82/18-19/30-11-18 393660/-<br>എം.ബുക്ക് : 126/17 | VG-30(S-65) ബിറ്റുമിമിൻ - 2568.82 kg.<br>RS1-Emulsion-236.25kg | BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30 52 ബാരല്ലം (8112 kg.), RS1-Emulsion 6 ബാരല്ലം (1092kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 2569 കി.ഗ്രാമും RS1-Emulsion – 237 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. | 2568.82 kg.@ 38732.01/T = 99495.53<br>236.25kg @<br>41448.08/T =9792.09<br>ആകെ = 109287.62<br>~ 109288/- |
| വല്ലഭത്തും പടി WM ചർച്ച് റോഡ് - MCറോഡ് ഭാഗം വരെ റീടാറിംഗ്(199/18, 184/19) | VG-30(S-65) ബിറ്റുമിമിൻ - 7914.02 kg.<br>RS1-Emulsion- | BPCL ഇൻവോയിസ് നം. 4550108722/27-03-18 (ഒറിജിനൽ ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30- 51 ബാരൽ (7956 | 731.45kg @<br>41448.08/T =30317 |

| | | | |
|---|---|---|---|
| കരാറുകാരൻ : കൃഷ്ണകുമാർ.കെ.ആർ<br>അടങ്കൽ: 1000000<br>ക്വോട്ട് ചെയ്ത തുക : 940204.10<br>പ്രവൃത്തിമൂല്ല്യം : 939204/-<br>ബിൽ നം./ തീയതി തുക<br>02/18-19/24-05-18 500000/-<br>25/18-19/12-08-18 439204/-<br>എം.ബുക്ക് 160/17-18 | 731.45kg | kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ<br><br>VG-30(S-65) - 7915 കി.ഗ്രാം ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. RS1-Emulsion- വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ബാജരാക്കിയിട്ടില്ല. ആയതിന് പകരം പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തിക്കായി ശ്രീ . ബിജു.എം വാങ്ങിയ ടാറിന്റെ ബില്ലിൽ(BPCL ഇൻവോയിസ് നം. 4550091861/21-02-18) നിന്നും അടൂർ നഗരസഭയിലെ തോട്ടത്തിൽ പടി കനാൽ പടി റോഡിന് ബിറ്റുമിൻ ട്രാൻസ്ഫർ ചെയ്തതിന്റെ പകർപ്പാണ് ഹാജരാക്കിയത്. | |
| SN ഹോസ്പിറ്റൽ പടി മുരക്കോട്ട പടി – സ്റ്റാലിൻ വില്ല റോഡ് നവീകരണം(187/18, 209/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>അടങ്കൽ: 1000000<br>ക്വോട്ട് ചെയ്ത തുക : 847886.21<br>പ്രവൃത്തിമൂല്ല്യം : 847584.94 | VG-30(S-65) ബിറ്റുമിമിൻ - 3044.15 kg.<br>RS1-Emulsion- 280.125kg | BPCL ഇൻവോയിസ് നം. 4550104589/19-03-18 (ഒറിജിനൽ ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30- 100 ബാരൽ (15600 kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 1203 കി.ഗ്രാം ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി | 1841 kg.@ 38732.01/T = 71306.71<br>280.125kg @<br>41448.08/T =<u>11610.62</u><br>ആകെ = 82917.33<br>~ 82917/- |

| | | | |
|---|---|---|---|
| ബിൽ നം./ തീയതി തുക<br>69/17-18/18-01-18 401728/-<br>136/17-18/31-03-18 34933/-<br>09/18-19/12-06-18 410924/-<br>എം.ബുക്ക് 127/17 | | അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30 - 52 ബാരലും (8112 kg.), RS1-Emulsion 6 ബാരലും (1092kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 1841 കി.ഗ്രാമും RS1-Emulsion – 281 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. | |
| RSM സ്കൂൾ - ചരുവിളപ്പടി റോഡ് നവീകരണം(185/18, 207/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>അടങ്കൽ: 1000000<br>ക്വോട്ട് ചെയ്ത തുക : 961619.42<br>പ്രവൃത്തിമൂല്ല്യം : 937209<br>ബിൽ നം./ തീയതി തുക<br>67/17-18/26-12-17 559981/-<br>68/17-18/26-12-17 109599/-<br>11/18-19/12-06-18 267629/-<br>എം.ബുക്ക് 125/17 | VG-30(S-65) ബിറ്റുമിമിൻ - 2096.57kg.<br>RS1-Emulsion-186.21kg | BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30 - 52 ബാരലും (8112 kg.), RS1-Emulsion 6 ബാരലും (1002kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 2097 കി.ഗ്രാമും RS1-Emulsion – 187 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. | 2096.57 kg.@ 38732.01/T = 81204.34<br>186.21kg @<br>41448.08/T =7718.03<br>ആകെ = 88922.37<br>~ 88922/ |
| | | | |

| | | | |
|---|---|---|---|
| സാൽവേഷൻ ആർമി - കോളനി റോഡ് പുനരുദ്ധാരണം(193/18, 212/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>അടങ്കൽ: 1000000<br>ക്വോട്ട് ചെയ്ത തുക : 998412.51<br>പ്രവൃത്തിമൂല്യം : 998413 (ക്ലിപ്തപ്പെടുത്തിയത്)<br>ബിൽ നം./ തീയതി തുക<br>104/18-19/23-01-19 394179/-<br>105/18-19/23-01-19 604234/-<br>എം ബുക്ക് 210 /18 | VG-30(S-65) ബിറ്റുമിമിൻ - 3275.26kg.<br>RS1-Emulsion-375.49kg<br>SS1 Emulsion-301.82 kg. | ഹിന്ദുസ്ഥാൻ കൊളാസ് ലിമിറ്റഡ് ഇൻവോയിസ് നം. 4207105886/19-04-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം Hincoal Emulsion 2 ബാരലും (363 kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ SS1-Emulsion – 302 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. VG-30(S65), RS1-Emulsion എന്നിവ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല. | 3275.26 kg.@ 38732.01/T = 126857.37<br>375.49kg @<br>41448.08/T =15563.33<br>301.82kg@<br>44122.90 = 13317.2<br>ആകെ = 155737.90<br>~ 155738/- |
| പൂങ്ങോട്ട് പടി - സെന്റ്ജോർജ്ജ് മിൽ റോഡ് പുനരുദ്ധാരണം(204/18, 219/19)<br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br>അടങ്കൽ: 1000000<br>ക്വോട്ട് ചെയ്ത തുക : 829596.67<br>പ്രവൃത്തിമൂല്യം : 824619<br>ബിൽ നം./ തീയതി തുക<br>74/17-18/18-01-18 327059/-<br>18/18-19/17-07-18 87739/-<br>19/18-19/17-07-18 409821/- | VG-30(S-65) ബിറ്റുമിമിൻ - 3087.3kg.<br>RS1-Emulsion-276.75kg | BPCL ഇൻവോയിസ് നം. 4550104589/19-03-18 (ഒറിജിനൽ ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30- 100 ബാരൽ (15600 kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 3087 കി.ഗ്രാം ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>BPCL ഇൻവോയിസ് നം. 4550110986/31-03-18 (ഒറിജിനൽ ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം VG-30- 14 ബാരൽ (2184 kg.) RS1-Emulsion – 8 ബാരൽ(1456kg) ആണ് | 49kg @<br>41448.08/T = 2030.56<br>~ 2031/- |

| | | | |
|---|---|---|---|
| എം ബുക്ക് 129 /17 | | വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ RS1-Emulsion - 228 കി.ഗ്രാം ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br><br>BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br><br>പ്രസ്തുത ബിൽ പ്രകാരം VG-30 - 52 ബാരലും (8112 kg.), RS1-Emulsion 6 ബാരലും (1092kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ RS1-Emulsion – 49 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. | |
| ഇടത്തിനാൽ പടി മാംകുന്നത്ത് പടി റോഡ് റീടാറിംഗ്(243/18, 187/19)<br><br>കരാറുകാരൻ : ഉണ്ണികൃഷ്ണൻ<br><br>അടങ്കൽ: 421986<br><br>ക്വോട്ട് ചെയ്ത തുക : 408848.14<br><br>പ്രവൃത്തിമൂല്ല്യം : 408604<br><br>ബിൽ നം./ തീയതി തുക<br><br>04/18-19/24-05-18 179935/- | VG-30(S-65) ബിറ്റുമിമിൻ - 1604.45kg.<br><br>RS1-Emulsion-165.37kg | BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br><br>പ്രസ്തുത ബിൽ പ്രകാരം VG-30 - 52 ബാരലും (8112 kg.), RS1-Emulsion 6 ബാരലും (1092kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) - 1605 കി.ഗ്രാമും RS1-Emulsion – 166 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. | 1604.45 kg. @38732.01/T = 62140.34<br><br>165.37kg @<br><br>41448.08/T =6854.25<br><br>ആകെ = 68994.59<br><br>~ 68995 |

| | | | |
|---|---|---|---|
| 14/18-19/11-07-18<br>104609/-<br><br>15/18-19/11-07-18<br>124060/-<br><br>എം ബുക്ക് 180 /17-18 | | | |
| നാൽപ്പതിനായിരം പടി ഗാന്ധിനഗർ ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം(99/17, 26/18, 188/19)<br><br>കരാറുകാരൻ: അജീഷ്.എസ്<br><br>അടങ്കൽ : 1200000<br><br>ക്വോട്ട് ചെയ്ത തുക : 1196142.95<br><br>പ്രവൃത്തിമൂല്യം : 1179287/-<br><br>ബിൽ നം./ തീയതി തുക<br><br>14/17-18/05-07-17<br>593842/-<br><br>13/17-18/05-07-17<br>313842/-<br><br>15/17-18/05-07-17<br>146158/-<br><br>05/18-19/24-05-18<br>125445/-<br><br>എം.ബുക്ക് 64/17 | VG-30(S-65) ബിറ്റുമിമിൻ - 8610.4kg.<br><br>RS1-Emulsion-774kg | BPCL ഇൻവോയിസ് നം. 4550109119/27-03-18 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ-പകർപ്പ്)<br><br>പ്രസ്തുത ബിൽ പ്രകാരം VG-30 - 60ബാരലാണ് (9360 kg.) വാങ്ങിയിട്ടുള്ളത്. ടാറിന്റെ ഉപയോഗം സംബന്ധിച്ച് അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. RS1-Emulsion വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. | 8610.4 kg. @40022.27T = 344605.42<br><br>774kg @<br><br>41818.28/T =32367.13<br><br>ആകെ = 376972.55<br><br>~ 376973 |
| ആകെ | | | 915181 |

കരാറുകാർ ടാർ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെയും അസ്സൽ ബില്ലിന് പകരം ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി(25/28-12-19) നൽകിയിരുന്നു. ആയതിന് അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച വിവരം ബോധ്യപ്പെട്ടതായും കരാറുകാരിൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. അസ്സൽ ബിൽ അടിയന്തിരമായി ഹാജരാക്കി പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം -

# പ്രവർത്തന സജ്ജമാക്കിയില്ല

ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്കരിക്കുന്നതിന് വേണ്ടി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പറക്കോട് അനന്തരാമപുരം മാർക്കറ്റിൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം (തുമ്പൂർമൂഴി മോഡൽ) (76/18,251/19) എന്ന പദ്ധതി നടപ്പാക്കുന്നതിനായി ശുചിത്വ മിഷൻ 2017-18 ൽ1300343/- രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. 2018-19 ൽ സ്പിൽ ഓവറായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

ടി പ്രവൃത്തിക്ക് ഇ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടർ ലഭിച്ചിരുന്നു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ഷാജിലാൽ.വി, കൈതവന എന്നയാളിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 27-03-18 ൽ അസി. എഞ്ചിനിയറുമായി കരാറിലേർപ്പെടുകയും ചെയ്തു. 28-02-19 ൽ പ്രവൃത്തി പൂർത്തീകരിച്ച് ബന്ധപ്പെട്ട അളവുകൾ 316/18,238/18 ാം നം. എം. ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി നല്കിയ ശുചിത്വ മിഷൻ അളവ് ചെക്ക് മെഷർ ചെയ്തിട്ടില്ല. 1076910/-രൂപയുടെ പ്രവൃത്തിമൂല്ല്യം കണക്കാക്കി നിയമപ്രകാരമുള്ള നികുതികൾ കുറച്ച് കരാറുകാരന് 1033834/- രൂപ നൽകിയിട്ടുണ്ട്. വികസന ഫണ്ടിനത്തിൽ 497757 രൂപയും(ബിൽ നം.129/18-19/26-03-19) ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 579153/- രൂപയുമുൾപ്പെടെ(ബിൽ നം.130/18-19/26-03-19) 1076910/-രൂപ ആകെ ചെലവഴിച്ചു. 03/19 പൂർത്തീകരിച്ച മാലിന്യ കമ്പോസ്റ്റിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തന സജ്ജമാക്കി പൊതുസമൂഹത്തിന് ഉപകാരപ്രദമാക്കിയിട്ടില്ലാത്തതായി ഭൗതിക പരിശോധനയിൽ ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്.

ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാലിന്യ ജീർണ്ണനം ത്വരിതപ്പെടുത്തുന്ന തരത്തിൽ കമ്പോസ്റ്റിംഗ് യൂണിറ്റ്പ്രവർത്തന സജ്ജമാക്കി കമ്പോസ്റ്റിംഗ് മാർക്കറ്റ് ചെയ്യുന്നതിനും നഗരസഭാ കൗൺസിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-31 ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല – സംസ്ഥാന ഫണ്ടിന് നഷ്ടം

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ / കൺവീനർ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യേണ്ടതായിരുന്നു. ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കുറവ് ചെയ്യാഞ്ഞതു മൂലം ഫണ്ടിനുണ്ടായനഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം / കൺവീനർ | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന | |
|---|---|---|---|---|
| | | | ബാരൽ വില @238/E | ജി.എസ്.ടി @18% |
| 1. | തെങ്ങ് വിളപ്പടി പണ്ടാരത്തിൽപ്പടി റോഡ് പുനരുദ്ധാരണം(169/18, 204/19) | 31 | 7378 | 1328 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ: രാജു.പി<br>പ്രവൃത്തിമൂല്ല്യം : 880000<br>ബിൽ നം./ തീയതി തുക<br>10/18-19/12-06-18 387558/-<br>69/18-19/22-11-18 53942/-<br>70/18-19/22-11-18 438500/- | | | |
| 2. | വല്ലഭത്തും പടി WM ചർച്ച് റോഡ് - പതിയാൻ പടി- ഗാന്ധി നഗർ കോളനിപ്പടി -MC റോഡ് ഭാഗം വരെ റോഡ് റീടാറിംഗ്<br>( 199/18, 184/19)<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ<br>പ്രവൃത്തിമൂല്ല്യം : 939204/-<br>ബിൽ നം./ തീയതി തുക<br>02/18-19/24-05-18 500000/-<br>25/18-19/12-08-18 439204/- | 55 | 13090 | 2356 |
| 3. | ആലോലിത്തറ- വാറുവേലിപ്പടി- പാലവിളപ്പടി കണ്ടത്തിൽപ്പടി മുകളേത്ത് പടി - ബൈപാസ് റോഡ് പുനരുദ്ധാരണം(191/18,211/19)<br>കരാറുകാരൻ: രാജു.പി<br>പ്രവൃത്തിമൂല്ല്യം : 922089/-<br>ബിൽ നം./ തീയതി തുക<br>31/18-19/24-11-18 276627/-<br>72/18-19/24-11-18 645462/- | 16 | 3808 | 685 |
| 4. | കാഞ്ഞിരവിളപ്പടി തണ്ടളയ്യത്ത് പടി ബംഗ്ലാവിൽ പടി നാലുതുണ്ടിൽപ്പടി തൊണ്ടങ്ങാട്ട് പടി റോഡ് പുനരുദ്ധാരണം(19/18,199/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ<br>പ്രവൃത്തിമൂല്ല്യം : 869172/-<br>ബിൽ നം./ തീയതി തുക<br>71/17-18/18-01-18 386836/-<br>72/17-18/18-01-18 295317/- | 12 | 2856 | 514 |

| | | | | |
|---|---|---|---|---|
| | 16/18-19/17-07-18 50323/-<br>17/18-19/17-07-18 136696/- | | | |
| 5. | പാറയിൽപ്പടി കൊട്ടയ്ക്കകത്ത് പടി കുമ്പഴേത്ത് പടി റോഡ് പുനരുദ്ധാരണം(219/18,224/19)<br>കരാറുകാരൻ: റേ തോമസ്സ്<br>പ്രവൃത്തിമൂല്യം : 980996/-<br>ബിൽ നം./ തീയതി തുക<br>99/17-18/09-03-18 35127/-<br>102/17-18/19-03-18 500000/-<br>78/18-19/24-11-18 445869/- | 27 | 6426 | 1157 |
| 6. | മല്ലന്താനത്ത് വിള ആറുപറ ജം. റോഡ് പുനരുദ്ധാരണം.(196/18, 214/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ<br>പ്രവൃത്തിമൂല്യം : 456733/-<br>ബിൽ നം./ തീയതി തുക<br>22/18-19/24-06-18 456733/- | 26 | 6188 | 1114 |
| 7. | കുറ്റിപ്പടിതാഴെ ബൈപാസ് പരുത്തിപ്പള്ളി മേലേതിൽ റോഡ് പുനരുദ്ധാരണം(160/18, 200/19)<br>കരാറുകാരൻ: റേ തോമസ്സ്<br>പ്രവൃത്തിമൂല്യം : 991418/-<br>ബിൽ നം./ തീയതി തുക<br>93/17-18/08-03-18 376072/-<br>94/17-18/08-03-18 62114/-<br>74/18-19/24-11-18 429304/-<br>73/18-19/24-11-18 123928/- | 26 | 6188 | 1114 |
| 8. | കെൻകോസ് പടി പ്ലാവിളപ്പടി AR പടി കോക്കലത്ത് പടി പുളിവിളപ്പടി ഹോളി ഏഞ്ചൽസ് പടി ഫാത്തിമ പടി റോഡ് പുനരുദ്ധാരണം(162/18,201/19)<br>കരാറുകാരൻ: റേ തോമസ്സ്<br>പ്രവൃത്തിമൂല്യം : 813486/-<br>ബിൽ നം./ തീയതി തുക | 22 | 5236 | 942 |

| | | | | |
|---|---|---|---|---|
| | 77/17-18/18-01-18 188772/-<br>78/17-18/18-01-18 286837/-<br>134/17-18/31-03-18 128213/-<br>08/18-19/12-06-18 214614/- | | | |
| 9. | കൊച്ചുണ്ടിൽ പടി തിരുമുറ്റത്ത് പടി നാലുണ്ടിൽ കോയിപ്പുറത്ത് പടി KIP റോഡ് കരുന്താനത്ത് പടി റോഡ് പുനരുദ്ധാരണം(158/18,196/19)<br>കരാറുകാരൻ: റേ തോമസ്സ്<br>പ്രവൃത്തിമൂല്യം : 859901/-<br>ബിൽ നം./ തീയതി തുക<br>75/17-18/18-01-18 425775/-<br>135/17-18/31-03-18 94585/-<br>07/18-19/12-06-18 339541/- | 28 | 6664 | 1200 |
| 10. | പൂങ്ങോട്ട് പടി കാക്കോട്ട് പടി സെന്റ് ജോർജ്ജ് മിൽ റോഡ് പുനരുദ്ധാരണം(214/18, 219/18)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ<br>പ്രവൃത്തിമൂല്യം : 824619/-<br>ബിൽ നം./ തീയതി തുക<br>74/17-18/18-01-18 327059/-<br>18/18-19/17-07-18 87739/-<br>19/18-19/17-07-18 409821/- | 22 | 5236 | 942 |
| 11. | പൂവൻ കുന്നിൽ അണ്ടൂർഭാഗം കൊട്ടുത്തുർ ഗുരുമന്ദിരം റോഡ് പുനരുദ്ധാരണം (201/18, 217/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്യം : 830305/-<br>ബിൽ നം./ തീയതി തുക<br>71/17-18/18-01-18 396531/-<br>20/18-19/24-07-18 42374/-<br>21/18-19/17-07-18 391400/- | 26 | 6188 | 1114 |
| 12. | മംഗലത്ത് പടി കൈതവനപ്പടി ബൈപാസ് പെരിങ്ങനാട് റോഡ് | 12 | 2856 | 514 |

| | | | | |
|---|---|---|---|---|
| | പുനരുദ്ധാരണം (164/18, 202/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 787320/-<br>ബിൽ നം./ തീയതി തുക<br>73/17-18/18-01-18 341861/-<br>81/18-19/30-11-18 51799/-<br>82/18-19/30-11-18 393660/- | | | |
| 13. | മഠത്തിലയ്യത്ത് പാലത്തുംപാട്ട് കുരുശുപടി റോഡ് പുനരുദ്ധാരണം(188/18, 210/19)<br>കരാറുകാരൻ: രാജു.പി<br>പ്രവൃത്തിമൂല്ല്യം : 835895/-<br>ബിൽ നം./ തീയതി തുക<br>126/17-18/28-03-18 295101/-<br>60/18-19/19-11-18 520895/-<br>61/18-19/19-11-18 19899/- | 32 | 7616 | 1371 |
| 14. | മണ്ണൂർ പടി അവരുവേലിൽ പടി പവ്വർ പടി പായിക്കാട്ട് പടി പുത്തേതേത് പടി മരുട്ടിമൂട് & കനാൽ ജം.-ദേവരാഗം പടി റോഡ് പുനരുദ്ധാരണം(205/18, 220/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 682310/-<br>ബിൽ നം./ തീയതി തുക<br>73/17-18/18-01-18 341861/-<br>81/18-19/30-11-18 51799/-<br>82/18-19/30-11-18 393660/- | 18 | 4284 | 771 |
| 15. | കമ്മ്യൂണിറ്റി ഹാൾ വാഴോട്ട് SRK പടി അങ്കണവാടിപ്പടി അമ്പലത്തറ റോഡ് പുനരുദ്ധാരണം (184/18, 206/19)<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ<br>പ്രവൃത്തിമൂല്ല്യം : 1196570/-<br>ബിൽ നം./ തീയതി തുക<br>132/17-18/31-03-18 557305/-<br>133/17-18/31-03-18 485883/- | 69 | 16422 | 2956 |

| | | | | | |
|---|---|---|---|---|---|
| | 34/18-19/29-09-18 153382/- | | | | |
| 16. | RSM സ്കൂൾ വാഴവിളപ്പടി മേലേതിൽ പടി ചരുവിളപ്പടി റോഡ് നവീകരണം (185/18, 207/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 937209/-<br>ബിൽ നം./ തീയതി തുക<br>67/17-18/26-12-17 559981/-<br>68/17-18/26-12-17 109599/-<br>11/18-19/12-06-18 267629/- | 15 | 3570 | 643 | |
| 17. | തടത്തിൽപ്പടി മർത്തശ്മൂനി റോഡ് റീടാറിംഗ് (245/18, 241/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 830305/-<br>ബിൽ നം./ തീയതി തുക<br>23/18-19/24-06-18 364994/- | 23 | 5474 | 985 | |
| 18. | തോട്ടത്തിൽപ്പടി കനാൽപ്പടി കോട്ടമുകൾ പടി കോളനിപ്പടി മംഗലത്ത് പടി റോഡ് പുനരുദ്ധാരണം (157/18, 197/19)<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ<br>പ്രവൃത്തിമൂല്ല്യം : 996887/-<br>ബിൽ നം./ തീയതി തുക<br>86/17-18/22-02-18 600000/-<br>87/17-18/22-02-18 12907/-<br>37/18-19/29-09-18 383980/- | 24 | 5712 | 1028 | |
| 19. | സാൽവേഷൻ ആർമി കുമ്പളുംവിള കോളനി റോഡ് പുനരുദ്ധാരണം (193/18, 212/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 998413/-<br>ബിൽ നം./ തീയതി തുക<br>104/18-19/23-01-19 394179/-<br>105/18-19/23-01-19 604234/- | 25 | 5950 | 1071 | |
| 20. | പെനിയേൽ ജം.മഹാദേവ ജം.സുനിൽ | 43 | 10234 | 1842 | |

| | | | | |
|---|---|---|---|---|
| | ഭവനം മാലി ജം. മഠത്തിൽ റോഡ് പുനരുദ്ധാരണം (210/18, 223/19)<br>കരാറുകാരൻ: കൃഷ്ണകുമാർ.കെ.ആർ<br>പ്രവൃത്തിമൂല്ല്യം : 937703/-<br>ബിൽ നം./ തീയതി തുക<br>108/18-19/30-01-19 937703/- | | | |
| 21. | ഇടത്തിനാൽ പടി മാങ്കുന്നത്ത് പടി റോഡ് റീടാറിംഗ്(243/18, 187/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 998413/-<br>ബിൽ നം./ തീയതി തുക<br>04/18-19/24-05-18 179935/-<br>14/18-19/11-07-18 104609/-<br>15/18-19/11-07-18 124060/- | 12 | 2856 | 514 |
| 22. | തെങ്ങുംവിളപ്പടി- വിളയിൽപ്പടി- പൂവൻകുന്നിൽപ്പടി കോണത്ത് പടി പുല്ലം പള്ളിപ്പടി തടത്തിൽ കോളനി വലിയവിളപ്പടി മുണ്ട്മുരുപ്പേൽ റോഡ് പുനരുദ്ധാരണം(202/18, 218/19)<br>കരാറുകാരൻ: രാജു.പി<br>പ്രവൃത്തിമൂല്ല്യം : 781454/-<br>ബിൽ നം./ തീയതി തുക<br>137/17-18/31-03-18 422218/-<br>68/18-19/22-11-18 359236/- | 22 | 5236 | 942 |
| 23. | SN ഹോസ്പിറ്റൽ പടി മുരകോട്ടപ്പടി ആതിരപ്പടി മരോട്ടിമുക്ക് വടോട്ട്പടി സ്റ്റാലിൻ വില്ല റോഡ് നവീകരണം (187/18, 209/19)<br>കരാറുകാരൻ: ഉണ്ണികൃഷ്ണൻ.G<br>പ്രവൃത്തിമൂല്ല്യം : 847585/-<br>ബിൽ നം./ തീയതി തുക<br>69/17-18/18-01-18 401728/-<br>136/17-18/31-03-18 34933/-<br>09/18-19/12-06-18 410924/- | 22 | 5236 | 942 |

| | | | | |
|---|---|---|---|---|
| 24 | നാൽപ്പതിനായിരം പടി ഗാന്ധിനഗർ ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം(99/17, 26/18, 188/19)<br>കരാറുകാരൻ: അജീഷ്.എസ്<br>പ്രവൃത്തിമൂല്ല്യം : 1179287/-<br>ബിൽ നം./ തീയതി തുക<br>14/17-18/05-07-17 593842/-<br>13/17-18/05-07-17 313842/-<br>15/17-18/05-07-17 146158/-<br>05/18-19/24-05-18 125445/- | 60 | 14280 | 2570 |
| | ആകെ | 668 | 158984 | 28615 |

ടി പ്രവൃത്തികൾക്ക് എല്ലാം തന്നെ വകയിരുത്തിയ തുക വികസനഫണ്ട് / ധനകാര്യ കമ്മീഷൻ / മെയിന്റനൻസ് ഗ്രാന്റ് ആയതിനാൽ ബാരൽ വില ഈടാക്കാഞ്ഞതുമൂലം പ്രസ്തുത ഫണ്ടിനുണ്ടായ നഷ്ടവും ജി.എസ്.ടി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടവും ഓഡിറ്റ് എൻക്വയറി(20/26-12-19) മുഖേന അസി. എഞ്ചിനിയറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് ടി നഷ്ടം യഥാക്രമം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

# 1-32 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണമേന്മ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

LSGD വിഭാഗം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കി ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ പരിശോധനയ്ക്കായി ലഭ്യമാക്കുന്നില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ പൊതുമരാമത്ത്/വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

# 1-33 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2018-19 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 109പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 484724/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയിൽ തൻ വർഷം ക്ഷേമ നിധി ഇനത്തിൽ ആകെ ഈടാക്കിയിട്ടുള്ള തുക 484724/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്ഷേമനിധി വിഹിത ഇനത്തിൽ ചെലവഴിച്ച 484724/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-34 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സ.ഉ.(എം എസ്) 4/2016/ തസ്വഭവ/11.01.2016 പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗിനും സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിനും പ്രസ്തുത ഗ്രാന്റ് വകയിരുത്തി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി പ്രത്യേകിച്ച് റിക്വസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരത്തിൽ യാതൊരു അപേക്ഷയും ഇല്ലാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിയുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| റോഡ് കോൺക്രീറ്റിംഗ് | 51 | 12112740 |

| | | |
|---|---|---|
| എയ്റോബിക്ക് ബിൻ നിർമ്മാണം(സാമൂഹ്യ ആസ്തി) | 2 | 1039828 |
| ആകെ | 53 | 13152568 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 13152568/- രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതുവരെ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

# 1-35 നഗരസഭയുടെ അധീനതയിലുള്ള വസ്തുക്കൾ -പോക്കുവരവ് നടത്തി പേരിൽക്കൂട്ടിയിട്ടില്ല

നഗരസഭയുടെ അധീനതയിലുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് പേരിൽക്കൂട്ടിയിട്ടില്ല. ആസ്തിരജിസ്റ്റർ പ്രകാരം ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക 1**

| ക്രമനമ്പർ | ആസ്തിയുടെ വിവരണം | ആസ്തിയുടെ തരം (സ്ഥലം / കെട്ടിടം) | ഭൂവിസ്തൃതി (ആസ്തി രജിസ്റ്റർ പ്രകാരം) | സർവ്വെ നംപർ (ആസ്തി രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1 | പറക്കോട് അനന്തരാമപുരം ഷോപ്പിംഗ് കോംപ്ലക്സ് | കെട്ടിടം | 68 Are 81 Sq.metre | 881/5 |
| 2 | കമ്മ്യൂണിറ്റി ഹാൾ (അനന്തരാമപുരം മാർക്കറ്റ്) | | | |
| 3 | ലൈബ്രറിക്കെട്ടിടം (അനന്തരാമപുരം മാർക്കറ്റ്) | | | |
| 4 | അനന്തരാമപുരം മാർക്കറ്റിൽ കെ.പി.റോഡിന് വടക്കുവശം 2 നില കെട്ടിടം | | | |
| 5 | അനന്തരാമപുരം മാർക്കറ്റിൽ കെ.പി.റോഡിന് തെക്കുവശം മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ | | 54 Are 20 Sq.metre | 925/5 |
| 6 | -ടി- മാർക്കറ്റ് കെട്ടിടം | | | |
| 7 | അനന്തരാമപുരം മാർക്കറ്റിലെ ഇറച്ചി സ്റ്റാൾ | | | |
| 8 | അനന്തരാമപുരം മാർക്കറ്റിൽ പറക്കോട് കെ.പി.റോഡിന് എതിർവശം മാർക്കറ്റ് കെട്ടിടം | | | |
| 9 | പറക്കോട് മാർക്കറ്റ് ടെർമിനൽ - 1 | | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 10 | പറക്കോട് മാർക്കറ്റ് ടെർമിനൽ - 2 | | | |

| | | | |
|---|---|---|---|
| 11 | പറക്കോട് മാർക്കറ്റ് ടെർമിനൽ - 3 | | |
| 12 | കംഫർട്ട് സ്റ്റേഷൻ വാർഡ് 21 | രേഖപ്പെടുത്തിയിട്ടില്ല | |
| 13 | വെയിറ്റിംഗ് ഷെഡ് വാർഡ് 21 | 15 Are 79 sq.metre | |
| 14 | അംഗൻവാടി നംപർ 87 (വാർഡ് 1) | 1 Are 22 sq.metre | |
| 15 | അനന്തരാമപുരം മാർക്കറ്റിൽ പഴയ ലൈബ്രറിക്കെട്ടിടം (കെ.പി.റോഡിന് തെക്കുവശം) | 54 Are 20 sq. metre | 925/5 |
| 16 | അനന്തരാമപുരം മാർക്കറ്റിൽ അംഗൻവാടി നംപർ 83<br>(കെ.പി.റോഡിന് തെക്കുവശം) | | |
| 17 | ആനന്ദപ്പള്ളി ഗവ. എൽ.പി.എസ് ഈസ്റ്റ് | 20 Are 24 sq.metre | 57/1 |
| 18 | ആനന്ദപ്പള്ളി ഗവ. എൽ.പി.എസ് (വെസ്റ്റ്) | 14 Are 37 sq.metre | 57/1 |
| 19 | റേഡിയോ കിയോസ്ക് വാർഡ് 7 | 7 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 20 | അംഗൻവാടിക്കെട്ടിടം വാർഡ് 7 | 14 Are 37 sq.metre | |
| 21 | കുടുംബക്ഷേമ സംവിധാന കേന്ദ്രം വാർഡ് 15 | 6 Are 7 sq.metre | |
| 22 | ഗവ.മോഡൽ എൽ.പി.എസ്, കരുവാറ്റ | 20 Are 3 sq.metre | 9/ 42 |
| 23 | അംഗൻവാടിക്കെട്ടിടം നമ്പർ 97 | 1 Are 63 sq.metre | 752 / 2 |
| 24 | അംഗൻവാടിക്കെട്ടിടം നമ്പർ 88 (സ്കൂൾ കെട്ടിടം , വാർഡ് 4) | 1 Are 22 sq.metre | 741 / 4 |
| 25 | വെൽഫെയർ സ്കൂൾ ( വാർഡ് 10) | 20 Are 24 sq.metre | 6/ 4ബി , 69/ 2 |
| 26 | അംഗൻവാടിക്കെട്ടിടം നമ്പർ 84 (വാർഡ് 15) | 1 Are 10 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 27 | അംഗൻവാടിക്കെട്ടിടം, പന്നിവിഴ (വാർഡ് 14) | 1 Are 1 sq.metre | |
| 28 | പ്രൈവറ്റ് ബസ് സ്റ്റാന്റ്, കരുവാറ്റ, വെയിറ്റിംഗ് ഷെഡ്, ശൗചാലയം | 72 Are 95 sq.metre | 192/ 1-6, 192/1, 193/1 |
| 29 | ഗവ. എൽ.പി.എസ്, മൂന്നാളം | 18 Are 60 sq.metre | 425/4 |
| 30 | ശ്രീമൂലം മാർക്കറ്റ് | 12 Are | 735/3 |

| | | | | |
|---|---|---|---|---|
| 31 | കൃഷി ഭവൻ, മൂന്നാളം | | 8 Are 66 sq.metre | 463/4 |
| 32 | ഗവ.യു.പി.എസ്, അടൂർ | | 80 Are 36 sq.metre | 346/1 |
| 33 | അടൂർ ഇറച്ചി ചന്ത | | 5 Are | 259/6 |
| 34 | പ്രൈവറ്റ് ബസ് സ്റ്റാന്റ്, പറക്കോട് - വെയിറ്റിംഗ് ഷെഡ് | | 7 sq.metre | 881/3 |
| 35 | അംഗൻവാടി നംപർ 86 (ആനന്ദപ്പള്ളി) | | 1 Are 21 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 36 | അംഗൻവാടി നംപർ 87 (മിത്രപുരം) | | 1 Are 22 sq.metre | |
| 37 | പ്രീമെട്രിക് ഹോസ്റ്റൽ | | 13 Are 41 sq.metre | 757/8 |
| 38 | അംഗൻവാടി നംപർ 85<br>(അയ്യപ്പൻപാറ) | | 81 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 39 | അംഗൻവാടി നംപർ 90<br>(കോട്ടപ്പുറം) | | 1 Are 21 sq.metre | |
| 40 | അംഗൻവാടി നംപർ 92<br>(പറക്കോട്) | | 1 Are 62 sq.metre | |
| 41 | അംഗൻവാടി നംപർ 83<br>(പറക്കോട്) | | 1 Are 11 sq.metre | |
| 42 | കൃഷിഭവൻ കെട്ടിടം | | Plinth area 121.68 sq. metre | |
| 43 | അനന്തരാമപുരം മാർക്കറ്റ് - കെ.പി. റോഡിന് വടക്കുവശം | സ്ഥലം | 68 Are 80.6 sq.metre | 887/5 |
| 44 | അനന്തരാമപുരം മാർക്കറ്റ് - കെ.പി. റോഡിന് കിഴക്കുവശം | | 54 Are 20 sq.metre | 925/5 |
| 45 | അനന്തരാമപുരം മാർക്കറ്റ് - കെ.പി. റോഡിന് തെക്കുവശം | | 54 Are 20 sq.metre | 925/5 |
| 46 | ശ്രീമൂലം മാർക്കറ്റ് | | 26 Are 50 sq.metre | 332/3 |
| 47 | അടൂർ സെൻട്രൽ മാർക്കറ്റ് | | 5 Are | 259/6 |
| 48 | പ്രൈവറ്റ് ബസ് സ്റ്റാന്റ്, പറക്കോട് | | 18 Are | 881/3 |
| 49 | പ്രൈവറ്റ് ബസ് സ്റ്റാന്റ്, കരുവാറ്റ | | 72 Are 95 sq.metre | 192/1,2,5,6<br>192/1,6-1<br>193/1-1 |
| 50 | പൊതു ശ്മശാനം (മംഗലശ്ശേരി - വാർഡ് 2) | | 42 Are 67 sq.metre | 746/1A/14<br>746/1A/20<br>746/1A/26<br>746/1A/40 |

| | | | | |
|---|---|---|---|---|
| 51 | പൊതു ശ്മശാനം | | 35 Are | 17.4-1,<br>18/2,8-1 |
| 52 | നഗരസഭ വക സ്ഥലം, പാമ്പേറ്റുകുളം, പന്നിവിഴ | | 7 Are 17 sq. metre | രേഖപ്പെടുത്തിയിട്ടില്ല |
| 53 | ജി.എൽ.പി.എസ്, മൂന്നാളം (വാർഡ് 22) | | 18 Are 60 sq.metre | 425/4 |
| 54 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (വാർഡ് 19) | | 35 Are 35 sq.metre | 742/1 |
| 55 | ഗവ.യു.പി.എസ്, അടൂർ (വാർഡ് 21) | | 80 Are 36 sq.metre | 346/1 |
| 56 | പന്നിവിഴ ജി.എൽ.പി.എസ് (പടിഞ്ഞാറ്) | | 14 Are 37 sq.metre | 57/1 |
| 57 | നഗരസഭാസ്ഥലം - വാർഡ് 1 | | 62 Are 40 Sq.metre | 87/1/1/22<br>87/1/1/23 |
| 58 | സോഷ്യൽ ഫോറസ്ട്രി പാർക്ക്<br>വാർഡ് 4 | | 3 Are 95 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 59 | Ward 4 – Land Pool Scheme | | 2 Are 95 sq. metre | രേഖപ്പെടുത്തിയിട്ടില്ല |

മുൻവർഷങ്ങളിലെ പദ്ധതികൾ പ്രകാരം വിവിധ ആസ്തികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**പട്ടിക 2**

| വർഷം | നടപ്പാക്കിയ പദ്ധതിയുടെ പേര് | കെട്ടിടനിർമ്മാണത്തിനായി പ്രസ്തുത വർഷം ചെലവഴിച്ച തുക |
|---|---|---|
| 2013-14 | പുതിയകാവിൽചിറ മിനി കോൺഫറൻസ്ഹാൾ നിർമ്മാണം (SO76/14) | 168540 |
| -ടി- | പറക്കോട് മാർക്കറ്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്<br>(SO96/14) | 479670 |
| 2015-16 | പ്രൈവറ്റ് ബസ് സ്റ്റാന്റ് അക്വിസിഷനും നിർമ്മാണവും | 1005193 |
| 2016-17 | പറക്കോട് മാർക്കറ്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് -രണ്ടാം ഘട്ടം (SO117/17) | 2246099 |
| 2018-19 | പാമ്പേറ്റുകുളത്തിന് സമീപത്തെ സാംസ്കാരിക നിലയം നിർമ്മാണം(SO178/19) | 3842551 |
| -ടി- | വാർഡ് 14 ലെ പുതിയ അംഗൻവാടിക്കെട്ടിട നിർമ്മാണം (SO205/19) | 688152 |
| -ടി- | വാർഡ് 13 ലെ പുതിയ | 499655 |

| | | |
|---|---|---|
| | അംഗൻവാടിക്കെട്ടിട നിർമ്മാണം (SO221/19) | |

പ്രസ്തുത വസ്തുക്കൾ റവന്യൂ അധികാരികൾ മുഖേന അളന്ന് തിരിച്ച് നഗരസഭയുടെ പേരിൽ ആക്കി കരം ഒടുക്കിയിട്ടില്ല. 2013-14 മുതൽ വാർഷിക പദ്ധതികളിലൂടെ നിർമ്മിച്ച മേൽ പട്ടിക 2-ൽ സൂചിപ്പിച്ചിട്ടുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ അളന്ന് പേരിൽക്കൂട്ടുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്. നഗരസഭാ ഓഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലം പോലും അളന്ന് തിരിച്ച് അതിർത്തി നിർണ്ണയിച്ചിട്ടില്ല. നഗരസഭയുടെ സ്വന്തം വസ്തുക്കളിൽ കൈയ്യേറ്റം ഉണ്ടോയെന്ന് പരിശോധിക്കാൻ യാതൊരു നടപടിയും ഇതേവരെ സ്വീകരിക്കപ്പെട്ടിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

നഗരസഭയുടെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെയും സ്വന്തമായുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് തിരിച്ച് പേരിൽക്കൂട്ടുന്നതിന് ഒരു മോണിട്ടറിംഗ് സമിതി രൂപീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 സ്ഥലം ലഭ്യമായെങ്കിലും നഗരസഭാ ഓഫീസിന് പുതിയ കെട്ടിടം എന്നത് മരീചിക

നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടൂർ ടൗൺ ഹാളും ആയത് നിലനിൽക്കുന്ന വസ്തുവും കുത്തകപ്പാട്ട വ്യവസ്ഥയിൽ സർക്കാരിൽ നിന്നും വിട്ട് കിട്ടുന്നതിന് ആവശ്യപ്പെടുന്നതിന് 2.8.2005 ലെ കൗൺസിൽ 10 -ാം നമ്പരായി തീരുമാനം എടുത്തിരുന്നു. അടൂർ വില്ലേജിൽ സർവ്വേ നമ്പർ 760/9എ -യിൽ ഉൾപ്പെടുന്ന 10 സെന്റും സർവ്വേ നമ്പർ 760/9 -ൽ ഉൾപ്പെടുന്ന 38 സെന്റും ചേർത്ത് 48 സെന്റ് പുറമ്പോക്ക് സ്ഥലവും നഗരസഭയ്ക്ക് 1995 ലെ മുനിസിപ്പൽ നഗരപ്രദേശങ്ങളിലെ ഭൂമിപതിവ്ചട്ടം 21 അനുസരിച്ച് പതിച്ച് നൽകുന്നതിന് 13.9.2013 ലെ സ.ഉ.(എം.എസ്) 392/13 / റവന്യൂ നമ്പർ ഉത്തരവ് മുഖേന അനുമതി ലഭിച്ചിരുന്നു. എന്നാൽ ടൗൺ ഹാൾ സ്ഥിതി ചെയ്യുന്ന ഭാഗം മാത്രം നഗരസഭയ്ക്ക് നൽകിക്കൊണ്ട് 13.2.2015 ൽ സ.ഉ(കയ്യെഴുത്ത്) നമ്പർ 67/15/ റവന്യൂ നമ്പർ ആയി 13.9.2013 ലെ മേൽസൂചിപ്പിച്ച ഉത്തരവ് ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് ലഭിച്ച ഭൂമിയുടെ പാട്ടക്കുടിശ്ശിക ഇനത്തിൽ 1637532 രൂപ 20.4.2015 ലെ 093643 നംപർ ഡി.ഡി പ്രകാരം ജില്ലാകളക്ടർക്ക് നഗരസഭ ഒടുക്ക് വരുത്തി. തുടർന്ന്, ടൗൺ ഹാൾ നിലനിന്നിരുന്ന 824 /2 ൽപ്പെട്ട 12.53 ആർ സ്ഥലം (റീസർവ്വേ നമ്പർ 324 /2-1) നഗരസഭയ്ക്ക് പതിച്ച് നൽകുന്നതിനുള്ള പട്ടയം തയ്യാറായിട്ടുണ്ടെന്നും ആയത് കൈപ്പറ്റണമെന്നും പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ നിന്നും 8.8.2016 ൽ സി6- 5789/ 16 നംപർ കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ പട്ടയം 29.11.2018 ൽ മാത്രമാണ് നഗരസഭ കളക്ടറേറ്റിൽ നിന്ന് കൈപ്പറ്റിയത്. പട്ടയം കൈപ്പറ്റുന്നതിന് 2 വർഷം കാലതാമസം വരുത്തിയത് ഗുരുതരമായ കൃത്യവിലോപമായി വിലയിരുത്തുന്നു. പട്ടയം ലഭിച്ച വസ്തു പോക്കുവരവ് ചെയ്ത് കരം ഒടുക്കിയത് 29.8.19 ൽ മാത്രമാണ്. 18.9.2019 ൽ ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി.

എന്നാൽ നഗരസഭാ കൗൺസിലിന്റെ 30.12.16 ലെ 1-ാം നംപർ തീരുമാനപ്രകാരം മേൽസൂചിപ്പിച്ച വസ്തുവിൽ ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള നീക്കം ഉപേക്ഷിക്കുകയും, ബൈപ്പാസ് റോഡിന് സമീപം മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് നിലനിൽക്കുന്ന സ്ഥലത്ത് നഗരസഭാ ഓഫീസ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുമാണ് ഉണ്ടായത്. 2018-19 ൽ ഇതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുമുണ്ട് (SO129/19).

പുതിയ പദ്ധതിക്കായി കൗൺസിൽ നിശ്ചയിച്ച വസ്തുവിന്റെ ഭൂരിഭാഗവും റവന്യൂ രേഖകളിൽ നിലം എന്നാണ് സൂചിപ്പിച്ചിട്ടുള്ളത് എന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. നഗരസഭ സർക്കാരിലേക്ക് അപേക്ഷ നൽകിയതിനെത്തുടർന്ന് 27.11.19 ലെ സ.ഉ.(കൈ) 146/2019/കൃഷി നംപർ ഉത്തരവ് പ്രകാരം ഭൂമിയുടെ സ്വഭാവ വ്യതിയാനം നടത്തി ഉത്തരവായിട്ടുണ്ട് . നഗരസഭാ കൗൺസിലിന്റെ 7.1.2017ലെ 6-ാം നംപർ അജണ്ട പ്രകാരം

ടി നിർമ്മിതിയുടെ നിർമ്മാണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്. പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 90 ലക്ഷം രൂപയും എം.എൽ.എ -യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 1.5 കോടി രൂപയും KURDFC യിൽ നിന്നും വായ്പ മുഖേന 9.93 കോടി രൂപയും ഉൾപ്പെടെ ആകെ 12.33 കോടി രൂപ ചെലവഴിച്ച് പ്രസ്തുത കെട്ടിടം പണിയുന്നതിന് 2019-20 ൽ പദ്ധതി (SO114/20) അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ പദ്ധതിപ്രകാരമുള്ള നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിച്ച പ്ലാനും സ്കെച്ചും പരിശോധിച്ചശേഷം ആ ഓഫീസിൽ നിന്നും 10.12.19 ലെ TCPPTA/638/2019-C നംപർ കത്ത് പ്രകാരം ചുവടെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി സൂചിപ്പിട്ടുണ്ട്.

1. നിർദ്ദിഷ്ട നഗരസഭാ ഓഫീസ് കെട്ടിടം, ബസ് സ്റ്റാന്റ് കെട്ടിടം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്ലോട്ടിന്റെ സമീപത്തുള്ള (സർവ്വേ നമ്പർ 192/ 16-4) 1.41 ആർ വിസ്തീർണ്ണമുള്ള വസ്തുവിൽ Commercial-Cum- Residential Building നിർമ്മിക്കുന്നതിന് ഒരു വ്യക്തി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ബന്ധപ്പെട്ട ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് നഗരസഭ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം ടിയാന് വഴിസൗകര്യം നൽകിയാൽ നഗരസഭയുടെ നിർദ്ദിഷ്ട നിർമ്മാണങ്ങളെ ബാധിക്കാൻ ഇടയുണ്ട് .

2. നിർദ്ദിഷ്ട നിർമ്മാണങ്ങൾക്കായി നിർദ്ദേശിച്ചിരിക്കുന്ന എല്ലാ സർവ്വേ നമ്പരുകൾക്കും ഭൂമിയുടെ സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് ജില്ലാ ഠൗൺ പ്ലാനറെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്.

3. കൈവശാവകാശ സർട്ടിഫിക്കറ്റിൽ 193/34, 193/31, 193/1 എന്നീ സർവ്വേ നമ്പരുകൾ പ്രകാരമുള്ള ഭൂമിയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

4. നിർദ്ദിഷ്ട കെട്ടിടം നിലനിൽക്കുന്ന സ്ഥലത്ത് നിന്ന് മാറി പാർക്കിംഗിനായി സമീപത്ത് മറ്റൊരു സ്ഥലമാണ് നിശ്ചയിച്ചിട്ടുള്ളത്.

മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ സ്ഥലം നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന് ജില്ലാ ഠൗൺ പ്ലാനറിൽ നിന്നും ഇതേവരെ അനുമതി വാങ്ങാനായിട്ടില്ല. പുതിയ പദ്ധതി എപ്രകാരം യാഥാർത്ഥ്യമാക്കാം എന്നതിൽ അവ്യക്തത നിലനിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.1990 ൽ നഗരസഭ ആയി ഉയർത്തപ്പെട്ടപ്പോൾ അന്നത്തെ ഓഫീസ് പ്രവർത്തിച്ച കെട്ടിടം ആണ് ഇപ്പോൾ നഗരസഭാ ഓഫീസായി പ്രവർത്തിച്ചുവരുന്നത്. ജീർണ്ണിച്ച അവസ്ഥയിലുള്ള ടി കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിക്കുന്നത് അപായകരമാണ് എന്ന് PWD കെട്ടിട വിഭാഗം റിപ്പോർട്ട് നൽകിയതായി 21.7.14 ൽ നഗരസഭയിലെ അസി. എഞ്ചിനീയർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഗുരുതരമായ ഈ സാഹചര്യം ഭരണസമിതി വിലയിരുത്തേണ്ടതും, പുതിയ ഓഫീസ് കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഴയ ടൗൺ ഹാൾ നിന്നിരുന്ന സ്ഥലം 16.37 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയെങ്കിലും അധികൃതരുടെ കെടുകാര്യസ്ഥത മൂലം ആയത് നിഷ്ക്രിയ ആസ്തി ആയി മാറി. ടി സ്ഥലം നഗരസഭയുടെ വികസനവുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിന് യാതൊരു പദ്ധതിയും ഇതേവരെ ആവിഷ്കരിച്ചിട്ടില്ല. തുടർനടപടികൾക്കായി ഈ വിഷയം ഭരണസമിതിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 നഗരസഭാ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല

നഗരസഭാസ്റ്റേഡിയത്തിനായി 2005-06 മുതൽ 2016-17 വരെ വർഷങ്ങളിലായി ആകെ 139.69 ആർ (3 ഏക്കർ 45 സെന്റ്) നെൽവയൽ സ്വകാര്യവ്യക്തികളിൽ നിന്നും നഗരസഭ അക്വയർ ചെയ്തിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്റ്റേഡിയത്തിനായുള്ള സ്ഥലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉൾപ്പെട്ട ഏതാനും നെൽവയലുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് അക്വയർ ചെയ്യാതെ അവശേഷിച്ചിരുന്നതിനാൽ സ്റ്റേഡിയം യാഥാർത്ഥ്യമാക്കാനായില്ല.

ഇതിനെത്തുടർന്ന് വ്യക്തികളിൽ നിന്നും സമ്മതപത്രം, വാലുവേഷൻ എന്നിവ ലഭ്യമാക്കി ചുവടെ പറയുന്ന നെൽവയലുകൾ അക്വയർ ചെയ്യുന്നതിന് ഗവ.പ്ലീഡറുടെ അനുകൂല നിയമാഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

| ബ്ലോക്ക് നമ്പർ, വില്ലേജ് | സർവ്വേ നമ്പർ | വിസ്തൃതി (ആർ) |
|---|---|---|
| 9/ അടൂർ | 282/12 | 4.7 |
| | 281/6 | 3.5 |
| | 281/5 | 4.8 |
| | 281/9 | 1.35 |
| | 281/10 | 5.6 |
| | 287/9 | 9.2 |
| | 287/11 | 4.5 |
| | 287/6 | 3.75 |
| | 282/5 | 2.8 |
| ആകെ | | 40.2 ആർ |

മേൽസൂചിപ്പിച്ച 40.2 ആർ വിസ്തൃതിയുള്ള വസ്തു ഏറ്റെടുക്കുന്നതിന് ഇതേവരെ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല എന്നത് അപാകതയാണ്. കൂടാതെ ചുവടെ പറയുന്ന സർവ്വേ നമ്പരുകളിലുള്ള നെൽവയലുകൾ വിട്ട് കിട്ടുന്നതിനുള്ള സമ്മതപത്രം ഇനിയും നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല.

| സർവ്വേ നമ്പർ | വിസ്തൃതി |
|---|---|
| 283/4 | കണക്കാക്കിയിട്ടില്ല |
| 285/7 | |
| 286/3 | |
| 288/1-3 | |

നിർദ്ദിഷ്ട സ്റ്റേഡിയത്തിനായുള്ള സ്ഥലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉൾപ്പെട്ടതും വിട്ട് കിട്ടാതെ അവശേഷിക്കുന്നതുമായ ബാക്കി നെൽവയലുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് അക്വയർ ചെയ്യേണ്ടതും നഗരസഭാ സ്റ്റേഡിയം യാഥാർത്ഥ്യമാക്കേണ്ടതുമാണ്. ഈ വിഷയം തുടർ നടപടിക്കായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-38 എസ്.സി വിഭാഗത്തിലുള്ള 60 വയസ്സിന് മുകളിലുള്ളവർക്ക് കട്ടിൽ - വിതരണ രേഖകൾ അപൂർണ്ണം

എസ്.സി വിഭാഗത്തിലുള്ള 60 വയസ്സിന് മുകളിലുള്ളവർക്ക് കട്ടിൽ നൽകുന്നതിനായി വികസനഫണ്ടിനത്തിൽ 360000 രൂപ അടങ്കൽ വകയിരുത്തി 2018-19-ൽ പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം ഓപ്പൺ ടെണ്ടർ നടപടികളിലൂടെ ഷാലോം വുഡ് ക്രാഫ്റ്റിംഗ് & ഫർണിച്ചർ, കുമ്പളാംപൊയ്ക -യിൽ നിന്നും മഹാഗണിത്തടിയിലുള്ള ഒരു കട്ടിലിന് നികുതികൾ ഉൾപ്പെടുത്താതെ 3240 രൂപ നിരക്കിൽ 98 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ ബിൽ നമ്പർ | ബിൽ തുക | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 23/28.3.2018 | 89090 | 1/18.5.18 |
| 2 | 31/ 28.6.18 | 236520 | 9/ 15.9.18 |
| ആകെ | | 325610 | |

പദ്ധതി മുഖേന ആനുകൂല്യത്തിന് അപേക്ഷിച്ചവരിൽ 81 ഗുണഭോക്താക്കളുടെ അപേക്ഷ, അർഹത തെളിയിക്കുന്ന രേഖകൾ എന്നിവ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആയതിൽ ചുവടെ പറയുന്നപ്രകാരം 67 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതായി മാത്രമാണ് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുള്ളത്.

| ക്രമ നമ്പർ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | ചെല്ലമ്മ.എ, ചരുവിള പുത്തൻവീട്, വാർഡ് 22 |
| 2 | റ്റി.കെ.തങ്കമ്മ, വാഴോട്ട് വീട്, വാർഡ് 14 |
| 3 | ഭവാനി, വാഴോട്ട് വീട്, വാർഡ് 14 |
| 4 | പി.ജി.വാസു, പ്ലാമൂട്ടിൽ തെക്കേതിൽ, വാർഡ് 13 |
| 5 | ഗോപാലൻ, പാലവിള കിഴക്കേതിൽ, വാർഡ് 13 |
| 6 | കുഞ്ഞിപ്പെണ്ണ്, ചരുവിൽ പുരയിടത്തിൽ, വാർഡ് 22 |
| 7 | ഓമന, സുരേഷ് ഭവനം, വാർഡ് 10 |
| 8 | രാമചന്ദ്രൻ |
| 9 | സരസമ്മ, കല്ലുവെട്ടാംമുകളിൽ, വാർഡ് 10 |
| | |

| | |
|---|---|
| 10 | കൊച്ചുപെണ്ണ്, സന്തോഷ് ഭവനം, വാർഡ്10 |
| 11 | മാധവൻ, മുകുളേത്ത് വീട് ,വാർഡ് 9 |
| 12 | കുട്ടി.കെ.വി, കൊച്ചുവിള വടക്കേതിൽ മേലേതിൽ, വാർഡ് 25 |
| 13 | ചെല്ലമ്മ, കടുവങ്കൽ വീട്, വാർഡ് 10 |
| 14 | തങ്കമ്മ.ആർ, വാത്തിഅയ്യത്ത് വീട്, വാർഡ് 10 |
| 15 | അമ്മിണി.കെ, ശുഭാലയം, വാർഡ് 15 |
| 16 | ആനന്ദവല്ലി, ആമ്പല്ലൂർ വീട്, വാർഡ് 22 |
| 17 | രാജമ്മ, വാർഡ് 15 |
| 18 | കൊച്ചുചെറുക്കൻ, ചന്ദ്രഭവനം, വാർഡ് 28 |
| 19 | നളിനി.എം, ശ്രീനിലയം, വാർഡ് 18 |
| 20 | പൊടിയമ്മ, പുത്തൻവീട്ടിൽ തെക്കേതിൽ, വാർഡ് 18 |
| 21 | കുഞ്ഞുമോൻ, ചരുവിള താഴേതിൽ, വാർഡ് 18 |
| 22 | ഭവാനി ജഗദീശ്, ചരുവിള താഴേതിൽ, വാർഡ് 18 |
| 23 | നാരായണൻ, ചരുവിള താഴേതിൽ, വാർഡ് 22 |
| 24 | കുഞ്ഞിക്കുട്ടി, ആമ്പല്ലൂർ താഴേതിൽ, വാർഡ് 22 |
| 25 | കൊച്ചിക്ക, കൊറ്റംകുളത്ത് , വാർഡ് 22 |
| 26 | കുഞ്ഞിരാമൻ. ആർ, ചരുവിള തെക്കേതിൽ, വാർഡ് 18 |
| 27 | കുഞ്ഞിക്കുട്ടി, ചരുവിളയിൽ, വാർഡ് 18 |
| 28 | ജാനകി, തോണ്ടൻവിളയിൽ, വാർഡ് 18 |
| 29 | ജാനകി, ചരുവിളയിൽ, വാർഡ് 18 |
| 30 | ശാന്ത, അമ്പലത്തുങ്കാല, വാർഡ് 15 |
| 31 | ബാലൻ, മുനിസിപ്പൽ കോളനി, വാർഡ് 13 |
| 32 | വെളുമ്പി, ചാമവിളയിൽ, വാർഡ് 13 |
| 33 | പൊടിപ്പെണ്ണ്, കൊച്ചുവിള വടക്കേതിൽ, വാർഡ് 25 |
| 34 | കുഞ്ഞമ്മ, ഹരിദാസ് ഭവനം, വാർഡ് 9 |
| 35 | കൊച്ചുപെണ്ണ്, മേലേതിൽ, വാർഡ് 9 |
| 36 | ജാനകി, മേലേതിൽ കിഴക്കേതിൽ, വാർഡ് 9 |
| 37 | ശിവൻകുട്ടി.കെ, സതീഷ് ഭവനം, വാർഡ് 17 |
| 38 | കമലാക്ഷി, ചരുവിളയിൽ വീട്, വാർഡ് 18 |
| 39 | കുട്ടി.കെ, പ്ലാവിളയിൽ, വാർഡ് 17 |
| 40 | കൃഷ്ണൻ.റ്റി.കെ, തുളസീഭവനം, വാർഡ് 17 |
| 41 | ഓമന, പനതുണ്ടിൽ പടിഞ്ഞാറ്റേതിൽ, വാർഡ് 11 |
| 42 | കുറുമ്പ, പനന്തുണ്ടിൽ, വാർഡ് 11 |
| 43 | ആദിച്ചൻ, കോയിപ്പാട്, വാർഡ് 23 |
| 44 | ശശി.പി, തോന്നലിൽ, വാർഡ് 15 |
| | |

| | |
|---|---|
| 45 | ചെല്ലമ്മ.പി, ഇല്ലത്തുതറയിൽ, വാർഡ് 24 |
| 46 | ശങ്കരി, ചരുവിളയിൽ, വാർഡ് 17 |
| 47 | ഗോപാലൻ, ചരുവിളയിൽ, വാർഡ് 17 |
| 48 | കുട്ടപ്പൻ, ചക്കാല വടക്കേതിൽ, വാർഡ് 27 |
| 49 | തങ്കമ്മ, രവിരാജ് ഭവൻ, വാർഡ് 27 |
| 50 | കൊച്ചിക്ക, കാഞ്ഞിരവിളയിൽ, വാർഡ് 28 |
| 51 | സരോജിനി, തോന്നലിൽ കിഴക്കേതിൽ, വാർഡ് 15 |
| 52 | തങ്കമണി, തോന്നലിൽ, വാർഡ് 15 |
| 53 | ശ്രീധരൻ, മാധവ സദനം, വാർഡ് 7 |
| 54 | രാജൻ.സി, ഇല്ലത്ത് തെക്കേത്തറയിൽ, വാർഡ് 24 |
| 55 | അമ്മിണി, അനിൽഭവനം, പുതുശ്ശേരിയിൽ, വാർഡ് 20 |
| 56 | പൊടിയൻ, പുതുശ്ശേരിയിൽ, വാർഡ് 20 |
| 57 | അമ്മിണി, പുതുശ്ശേരിയിൽ വീട്, വാർഡ് 20 |
| 58 | തങ്കപ്പൻ, സേതുഭവനം, വാർഡ് 28 |
| 59 | ശാന്തി, കിണറുവിള പടിഞ്ഞാറ്റേതിൽ, വാർഡ് 17 |
| 60 | ഭാനുമതി.റ്റി, കുറ്റിയിൽ വീട്, വാർഡ് 17 |
| 61 | ശ്രീധരൻ, കോണത്തുമൂലതെക്കേതിൽ, വാർഡ് 16 |
| 62 | കുഞ്ഞുകുഞ്ഞ്, കോണത്തുമൂലതെക്കേതിൽ, വാർഡ് 16 |
| 63 | ഗീതാദേവി.സി.എസ്, മലമുകത്ത് വീട്, പറക്കോട്, വാർഡ് 17 |
| 64 | തങ്കമ്മ, കോണത്ത് മൂലയിൽ, വാർഡ് 16 |
| 65 | രമണി, പുത്തൻവീട്ടിൽ തെക്കേതിൽ, വാർഡ് 15 |
| 66 | പി.കെ.തങ്കമ്മ, ഒറ്റത്തെങ്ങിൽ, പോത്രാട്, വാർഡ് 8 |
| 67 | കൊച്ചുകുഞ്ഞ്, കുറ്റിയിൽ മേലേതിൽ, പറക്കോട് പി.ഓ, വാർഡ് 17 |

വാങ്ങിയ 98 കട്ടിലുകൾ സ്റ്റോക്കിൽ എടുത്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയവയിൽ ബാക്കി 31 എണ്ണം ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് 23.12.2019 ൽ 12-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുകയോ കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തില്ല. 1 കട്ടിലിന് നികുതികൾ ഉൾപ്പെടെ 3322.50 രൂപയാണ് ചെലവ്. ആയതിനാൽ 31 കട്ടിലുകൾക്കായി ചെലവഴിച്ച 102999 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും ഗുരുതരമായ അലംഭാവം ഉണ്ടായതായി വിലയിരുത്തുന്നു. അപാകതകളിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും മേൽസൂചിപ്പിച്ച വിതരണ രേഖകൾ ബന്ധപ്പെട്ട ഫയലുകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവ് തുക നിരാകരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ/ചട്ട പ്രകാരമുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-39 ഭവനപുനരുദ്ധാരണം (എസ്.സി) - ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ ഭവനപുനരുദ്ധാരണം

(എസ്.സി) (SO16/19) എന്ന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യം പട്ടികജാതി വികസന ഓഫീസിൽ നിന്ന് കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | മുരളി. ആർ, താളിയാട്ട് വടക്കേതിൽ, പറക്കോട് | 50000 | 23 / 30.11.18<br>BRN 869252 / 28.11.18 |
| 2 | രവീന്ദ്രൻ.റ്റി.സി, തെങ്ങുവിളയിൽ, പറക്കോട് | 50000 | |

മേൽസൂചിപ്പിച്ച സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-40 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപനം - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി (SO153/19) ഇനത്തിൽ ചുവടെ പറയുംപ്രകാരം കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഡിവിഷൻ, പത്തനംതിട്ടയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 31/28.2.19 | 412150 | 12,13,14,15 എന്നീ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് |
| 2 | 32/13.3.19 | 1325000 | വിവിധ വാർഡുകളിൽ 3450 മീറ്റർ നീളത്തിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിന് |

പ്രവൃത്തി പൂർത്തീകരിച്ചത് വ്യക്തമാക്കുന്ന രേഖകൾ ആവശ്യപ്പെട്ട് 23.12.19 ൽ 15-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ പൂർത്തീകരണ രേഖകളോ ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-41 ലൈഫ് - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമപ്രകാരമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം<br>SO 180/19, Spill Over |
| അടങ്കൽ തുക | 6,21,500 (ജനറൽ)<br>5,00,000 (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക | 6,21,500 (ജനറൽ)<br>5,00,000 (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) |

ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഫണ്ട് തികയാതെ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തേക്ക് മാത്രം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കുന്നതിന് 11.12.2017-ലെ GO(Rt) 3967/2017/

തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 2017-18 സാമ്പത്തിക വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്, പൊതുവിഭാഗം വികസന ഫണ്ട് എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ചിരുന്നെങ്കിലും നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുവാൻ സാധിച്ചില്ല (പൊതുവിഭാഗം വികസന ഫണ്ട് മാത്രമാണ് ടി പദ്ധതി പ്രകാരം ചെലവഴിച്ചത്). തുടർന്ന് 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി ടി പദ്ധതി തുടരുകയും 5,00,000 രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചെലവഴിക്കുകയും ചെയ്തു. നിബന്ധനകൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തേക്ക് മാത്രം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചെലവഴിക്കുവാൻ നിർദ്ദേശിച്ച ഉത്തരവിന്റെ പിൻബലത്തിൽ 2018-19 സാമ്പത്തിക വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ടി പദ്ധതിയ്ക്ക് വകയിരുത്തി ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.12.2019-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16) മറുപടിലഭ്യമാക്കിയില്ല. ക്രമപ്രകാരമല്ലാതെ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഭാവിയിൽ മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്നില്ല

നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് മതിയായ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്നില്ല. 1996ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് ചട്ടങ്ങൾ പ്രകാരം നഗരസഭ ഓരോ ജീവനക്കാരന്റേയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എല്ലാ മാസവും അടൂർ നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നുണ്ട്. എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ജീവനക്കാർക്ക് അർഹമായ വിഹിതം അലോട്ട്മെന്റായി ലഭിക്കുന്നില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെ അലോട്ട്മെന്റായി ലഭിച്ചത് 5700000 രൂപ മാത്രമാണ്. പ്രതിമാസം ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ശരാശരി ചെലവഴിക്കേണ്ടി വരുന്നത് 450000 രൂപയാണ്.

ഒരു മുനിസിപ്പാലിറ്റിയിലേക്ക് അലോട്ട് ചെയ്തിട്ടുള്ള പെൻഷൻകാർക്ക് തുടർന്നുള്ള പെൻഷൻ നൽകുന്നതിന് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതും എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിനു മുൻപായി ആവശ്യമായ തുക അനുവദിക്കുവാൻ പെൻഷനർമാരുടെ പട്ടിക സഹിതം ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും ഡയറക്ടർ മാർച്ച് 31 നകം തുക അനുവദിച്ച് സെൻട്രൽ പെൻഷൻ നിന്നും തുക സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ നഗരസഭ എല്ലാ വർഷവും അലോട്ട്മെന്റ് ആവശ്യപ്പെടുന്നില്ല. കൃത്യമായ തുക ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകേണ്ടി വരുന്നു.

വാർഷിക കണക്കുകൾ പ്രകാരം നഗരസഭയുടെ തനത് ഫണ്ടിൽ 31.03.2019ൽ അവശേഷിക്കുന്നത് 37878342 രൂപയാണ്. ഇതിൽത്തന്നെ 18669240 രൂപ വെള്ളക്കരകുടിശ്ശിക ഇനത്തിൽ ബാദ്ധ്യതയുണ്ട്. തനത് ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെത്തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. സമയബന്ധിതമായി അലോട്ട്മെന്റ് ലഭ്യമാക്കി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ട് സംബന്ധിച്ച് കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ട്രഷറിയിൽ നിന്നും പെൻഷൻ ഫണ്ട് അക്കൗണ്ട് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കി കണക്കുകൾ കൃത്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ നിരുത്തരവാദപരമായ സമീപനമാണ് നഗരസഭ സ്വീകരിച്ചിട്ടുള്ളത്. രേഖകളും രജിസ്റ്ററുകളും ക്രമാനുഗതമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിൽ പെൻഷൻ ഫണ്ട് കണക്കുകളുടെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

## 1-43 വെള്ളക്കരം- കുടിശ്ശികത്തുക സംബന്ധിച്ച കൃത്യമായ

## കണക്കുകൾ സൂക്ഷിക്കുന്നില്ല

പൊതു ടാപ്പുകളുടെ വെള്ളക്കരത്തിന്റെ കുടിശ്ശികയിനത്തിൽ 2017-18 വർഷം റോഡിതര മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 10 ലക്ഷം രൂപയും 2018-19 വർഷം 617301രൂപയും നഗരസഭയ്ക്ക് ലഭിക്കേണ്ട അലോട്ട്മെന്റ് ഇനത്തിൽ കുറവുചെയ്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തെ വെള്ളക്കര ബില്ലുകൾ പരിശോധിച്ചതിൽ ടി തുകകൾ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/28.12.2019) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. 2019 ഒക്ടോബർ മാസത്തെ ബില്ലിൽ നിന്നും അടവാക്കിയതുക കുറവു ചെയ്തിട്ടുണ്ടെന്നാണ് ജീവനക്കാരിൽ നിന്നും വാക്കാൽ മറുപടി ലഭിച്ചത്. എന്നാൽ ടി ബില്ലിൽ നിന്നും ആകെ 1713000 രൂപയാണ് കുറവു ചെയ്തിട്ടുള്ളത്. ഇത് അലോട്ട്മെന്റ് ഇനത്തിൽ കുറവു ചെയ്ത തുകയുമായി(1617301 രൂപ) പൊരുത്തപ്പെടുന്നില്ല. മാത്രവുമല്ല 2017-18,2018-19 വർഷങ്ങളിൽ അലോട്ട്മെന്റിൽ നിന്നും കുറവു ചെയ്തിട്ടുള്ള തുകകൾ ബില്ലിൽ നിന്നും കുറവുചെയ്യാതിരുന്നതിനാൽ ടി തുകകളുടെ ഫൈൻ തുക പ്രതിമാസം 2% നിരക്കിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു.അധികം അടവാക്കിയ ഫൈൻ തുക ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല.

നിലവിലെ (2019 ഡിസംബർ മാസം) വെള്ളക്കര ബിൽ പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ അടവാക്കേണ്ട തുക കുടിശ്ശിക, ഫൈൻ തുകകൾ ഉൾപ്പെടെ 18669240 രൂപയാണ്. പ്രതിമാസ വെള്ളക്കര തുകയായ 364635 രൂപ മാത്രമാണ് നിലവിൽ അടവാക്കുന്നത്. കുടിശ്ശിക തുക അടവാക്കാത്തതിനാൽ 2% തുക ഫൈൻ ഇനത്തിൽ വർദ്ധിക്കുന്നു. ബിൽ പ്രകാരം നിലവിൽ 555 ടാപ്പുകളാണ് നഗരസഭയിലുള്ളത്. സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ല.

വെള്ളക്കര കുടിശ്ശിക അടവാക്കുന്നതിനും സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വെള്ളക്കര ബില്ലിൽ നിന്നും നാളിതുവരെ ഈടാക്കിയ ഫൈൻ സഹിതം കുറവു ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-44 നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകി

നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകിയതിനാൽ 4154 രൂപ കുടിശ്ശികയിനത്തിൽ അധികം നൽകി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-45 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| അടങ്കൽ | 800000(വികസനഫണ്ട് ,ജനറൽ ) |
| ചെലവ് | 699618 |
| ബിൽ നമ്പർ ,തീയതി | 122672 നം.3 തീയതി 30.11.18<br>117856 നം.7 തീയതി 21.12.18<br>81786 നം.8 തീയതി 22.01.19<br>109592 നം.11 തീയതി 20.02.19<br>93072 നം.12 തീയതി 23.02.19 |

| | |
|---|---|
| | 94864 നം.15 തീയതി 23.03.19<br>79776 നം.13 തീയതി 13.03.19 |

കുടുംബശ്രീ യൂണിറ്റുവഴി എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്ന പദ്ധതിയുടെ ഭാഗമായി പുലരി കാറ്ററിംഗ് യൂണിറ്റ് നൽകിയ ഭക്ഷണത്തിന്റെ ബില്ലുകളുടെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. പ്രഭാതഭക്ഷണം പ്രോജക്റ്റിനു വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ, സ്നേഹാ അയൽക്കൂട്ടത്തിന്റെ പുലരി കാറ്ററിംഗ് യൂണിറ്റിനാണ് കൗൺസിൽ അംഗീകാരം നൽകിയത്. നഗരസഭാ പരിധിയിലെ എട്ട് സ്കൂളുകൾക്കാണ് പ്രഭാതഭക്ഷണം നൽകിയത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഓരോ സ്കൂളിലും ഓരോ ദിവസവും നൽകുന്ന ഭക്ഷണത്തിന്റെ വിവരങ്ങൾ അതത് സ്കൂളുകളിലെ അധ്യാപകർ സാക്ഷ്യപ്പെടുത്തുന്നില്ല. പുലരി കാറ്ററിംഗ് യൂണിറ്റ് നൽകിയ കുറേ ദിവസങ്ങളുടെ ഒരുമിച്ചുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ തുക മാറുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച കൃത്യത പരിശോധിക്കപ്പെടുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (9/18.12.19)ന് സ്കൂളിലെ കുട്ടികളുടെ എണ്ണവും വിതരണം ചെയ്യേണ്ട വിഭവങ്ങളുടെ വിവരവും പുലരി കാറ്ററിംഗ് യൂണിറ്റിന് നല്കിയിട്ടുണ്ടെന്നും ഓരോ ദിവസവും വിതരണം ചെയ്തതിന്റെ വിവരങ്ങൾ തയ്യാറാക്കിയിട്ടില്ലെന്നും 2019-20 വർഷം മുതൽ ദിവസ വിതരണത്തിന്റെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഓരോ ദിവസവും നൽകുന്ന ഭക്ഷണത്തിന്റെ വിവരങ്ങൾ അതത് സ്കൂളുകളിലെ അധ്യാപകർ സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതുമാണ്.

## 1-46 പോസ്റ്റ് ഷിഫ്റ്റിംഗിന് തുക നൽകിയത് - വിനിയോഗ രേഖകൾ ലഭ്യമല്ല

നഗരസഭയുടെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റിയിടുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്നതിന് വേണ്ടി തനതുഫണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ലാതെയും എഗ്രിമെന്റ് വയ്ക്കാതെയുമാണ് പല പ്രവൃത്തികൾക്കും വേണ്ടി തുക നിക്ഷേപിച്ചിട്ടുള്ളത്. 2018-19 വർഷം തുക നിക്ഷേപിച്ചിട്ടുള്ളതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | നൽകിയ തുക | ചെക്ക് നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 22-ാം വാർഡിലെ 3 വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | 22116 | 362157/ 19.04.2018 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 2 | 22,23,25,26,27വാർഡുകളിലെ 3 വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | 109475 | 362195/ 26.05.2018 | എസ്റ്റിമേറ്റ് ലഭിക്കാതെയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. കരാർ വച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 3 | 29,10,3,18 വാർഡുകളിലെ വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് | 118059 | 303319/ 01.01.2019 | എസ്റ്റിമേറ്റ് ലഭിക്കാതെയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. കരാർ വച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 4 | 1-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 18398 | 303336/ 25.01.2019 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 5 | ടൗൺ ഹാൾ വാർഡ് റോഡ് നവീകരണവുമായി ബന്ധപ്പെട്ട് റോഡിൽ തടസ്സമായി നിൽക്കുന്ന രണ്ട് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 40984 | 303330/ 21.01.2019 | കരാർ വച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| | ആകെ | 309032 | | |

പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-47 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ 2018-19 വർഷം വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ 2018-19 വർഷം വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | അഡ്വാൻസ് കൈപ്പറ്റിയ വ്യക്തി | ഇനം | കൈപ്പറ്റിയ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1. | 40/6-18 | സനീഷ് കുമാർ, ഓവർസിയർ | നഗരസഭാ ഓഫീസിൽ ട്യൂബുകളും ലൈറ്റുകളും സ്ഥാപിക്കുന്നതിന് | 16942 | 362223/ 08.06.2018 |
| 2. | 44/7-18 | എം.റഫീഖ്, അസിസ്റ്റന്റ് എൻജിനീയർ | അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്ന ആവശ്യത്തിലേക്കായി അനുവദിക്കേണ്ട തുക | 14100 | 723362/ 09.07.2018 |
| 3. | 47/8-18 | കെ.പുഷ്പകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ഖരമാലിന്യ പ്ലാന്റിന്റെ മേൽക്കൂര ശരിയാക്കുന്നതിന് ടാർപ്പോളിൻ വാങ്ങുന്ന ആവശ്യത്തിന് | 15000 | 723417/ 13.08.2018 |
| 4. | 59/8-18 | കെ.പുഷ്പകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി അനുവദിക്കുന്ന തുക | 50000 | 723428/ 18.08.2018 |
| 5. | 67/10-18 | കെ.പുഷ്പകുമാർ, ഹെൽത്ത് | അപകടകരമായ വൃക്ഷത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്ന | 6000 | 927474/ 10.10.2018 |

| | | | | | |
|---|---|---|---|---|---|
| | | ഇൻസ്പെക്ടർ ഗ്രേഡ് II | ആവശ്യത്തിനായി നൽകിയത് | | |
| 6. | 38/12-18 | കെ.പുഷ്പകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | രവി Vs രാജൻ എന്ന പരാതിയുമായി ബന്ധപ്പെട്ട് തെങ്ങ് മുറിച്ച മാറ്റുന്ന ആവശ്യത്തിലേക്കായി നൽകിയത് | 8000 | 303282/ 10.12.2018 |
| 7. | 56/1-19 | കെ.പുഷ്പകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | റിപ്പബ്ളിക് ദിനാഘോഷത്തിന്റെ നടത്തിപ്പിനായി നൽകിയത്. | 25000 | 303335/ 23.01.2019 |
| 8. | 58/2-19 | ശ്രീ വിനോദ്.ജി, സൂപ്രണ്ട് | 2019- 20 ബജറ്റ് - പ്രാരംഭച്ചെലവുകൾ | 40000 | 559679/ 22.02.2019 |
| 9. | 67/2-19 | അജിത്.ബി, ഓവർസിയർ ഗ്രേഡ് I | പുതിയ ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിലെ വാട്ടർ കണക്ഷൻ പുന: സ്ഥാപിക്കുന്നതിന് | 3000 | 559686/ 22.02.2019 |
| 10. | 81/03-19 | റഫീഖ്.എം, അസിസ്റ്റന്റ് എൻജിനീയർ | WPC-20008/17- അനന്തപുരം മാർക്കറ്റിലെ അനധികൃത നിർമ്മാണം പൊളിച്ച മാറ്റൽ | 15000 | 559729/ 23.03.2019 |

മുൻ വർഷങ്ങളിൽ നൽകിയ മുൻകൂർ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത തുകകൾ ക്രമീകരിക്കുകയോ പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ കൈപ്പറ്റിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതും ജി.ഒ.(പി.)419/11/ഫിൻ., തീയതി 04.10.2011 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-48 അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ - സബ്സിഡി നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചില്ല

നഗരസഭാ പരിധിയിലെ 24 അങ്കണവാടികൾക്ക് എൽ.പി.ജി സിലിണ്ടർ അനവദിക്കുന്നത് Non Domestic Exempted Category എന്ന വിഭാഗത്തിലാണ്. ശ്രീകൃഷ്ണ ഭാരത് ഗ്യാസ്, പൂർണ്ണിമ ഇൻഡെയ്ൻ സർവ്വീസ് എന്നീ ഏജൻസികളാണ് നഗരസഭയിലെ വിവിധ അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന 14.2 kg. സിലിണ്ടറാണ് അങ്കണവാടികൾക്കും നൽകുന്നത്. N.D.E. C വിഭാഗത്തിൽപ്പെട്ടവരെയും ഗാർഹിക ഉപഭോക്താക്കളായി കണക്കാക്കാവുന്നതാണെന്നും ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിൽ സബ്സിഡിക്ക് അർഹതയുണ്ടെന്നും പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയത്തിന്റെ 05.02.2013-ലെ P-17018/7/2012-LPG നം സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി നേടിയെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-49 ആശ്രയ പദ്ധതി നടത്തിപ്പ് പരാജയം

നഗരസഭ നടപ്പിലാക്കിയ ഒന്നും രണ്ടും ഘട്ട ആശ്രയ പദ്ധതി വൻ പരാജയത്തിൽ കലാശിച്ചു. സമൂഹത്തിലെ നിരാലംബരും, നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. നഗരസഭ നടപ്പിലാക്കിയ ഒന്നും രണ്ടും ഘട്ട ആശ്രയ പദ്ധതികളുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ലഭ്യമായ തുക | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഒന്നാം ഘട്ടം | | | | |
| പ്ലാൻ ഫണ്ട് | 6879400 | 0 | 0 | 0 |
| ചലഞ്ച് ഫണ്ട് | 851000 | 851000 | 851000 | 0 |
| രണ്ടാം ഘട്ടം | | | | |
| പ്ലാൻ ഫണ്ട് | 5842500 | 200000 | 200000 | 0 |
| ചലഞ്ച് ഫണ്ട് | 1646300 | 1097534 | 728985 | 368549 |
| **ആകെ** | **15219200** | **2148534** | **1779985** | **368549** |

<u>ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള ധനകാര്യ വിശകലനം</u>

| ക്രമ നം | ഇനം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| | | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
| 1 | ഭക്ഷണം | 505000 | 1620000 | 851000 | 928985 |
| 2 | വസ്ത്രം | 2000 | -- | -- | |
| 3 | ചികിത്സ | 303000 | 960000 | -- | |
| 4 | പെൻഷൻ | 68400 | -- | -- | |
| 5 | ഭൂമി വാങ്ങൽ | 1620000 | 500000 | -- | |
| 6 | വീട് നിർമ്മാണം | 4625000 | 3000000 | -- | |
| 7 | ഭവന പുനരുദ്ധാരണം | 130000 | 625000 | -- | |
| 8 | പഠനസഹായം | 28000 | 87500 | -- | |
| 9 | സ്വയം തൊഴിൽ | 15000 | 150000 | -- | |
| 10 | കക്കൂസ് | 290000 | 450000 | -- | |
| 11 | കുടിവെള്ളം | 98000 | 50000 | -- | |
| 12 | വൈദ്യുതി | 48000 | -- | -- | |

പ്ലാൻ ഫണ്ടിനത്തിൽ രണ്ട് ഘട്ടങ്ങളിലായി 12721900 രൂപ വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ 200000 മാത്രമാണ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. ഇത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവഴിച്ച തുക പൂർണ്ണമായും ഭക്ഷണവിതരണത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്. ഭക്ഷണം, ചികിത്സ, വസ്ത്ര വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയുടെ അവസാന വർഷമായ 2018-19-ലും ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ

പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. നഗരസഭയിലെ ആശ്രയപദ്ധതി നടത്തിപ്പ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിലായിരുന്നില്ല. ആശ്രയപദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കുന്ന അഗതിരഹിത കേരളം പദ്ധതി, ആശ്രയപദ്ധതി നടത്തിപ്പിലെ അപാകതകൾ ആവർത്തിക്കാതെ പദ്ധതി വിഭാവനം ചെയ്യുന്നതരത്തിൽ ക്രിയാത്മകമായും ജനങ്ങൾക്ക് പ്രയോജനപ്രദമായും നടപ്പിലാക്കുവാനും അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-50 പോഷകാഹാര പദ്ധതി കേന്ദ്ര വിഹിതം-ചെലവ് അപൂർണ്ണം

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2015-16 വർഷം 319236 രൂപ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2015-16 മുതൽ 2018-19 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2015-16 | 319236 | 222106 | 541342 | 353544 | 187798 |
| 2016-17 | 187798 | 564658 | 752456 | 400496 | 351960 |
| 2017-18 | 351960 | 556663 | 908623 | 79935 | 828688 |
| 2018-19 | 828688 | 751755 | 1580443 | 560437 | 102006 |

31.3.19-ൽ പ്രസ്തുത ഇനത്തിൽ ആകെ 102006 രൂപ അവശേഷിക്കുന്നുണ്ട്. ടി തുക നഗരസഭയുടെ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 കിണർ റീചാർജ്ജിംഗ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല

സംസ്ഥാനത്ത് സംയോജിത ജലവിഭവ പരിപാലന കാഴ്ചപ്പാടിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന ജലക്ഷാമം പ്രതിരോധിക്കുകയും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക, വീടിന്റെ പരിസരപ്രദേശത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുക വഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നിവയാണ് കിണർ റീചാർജ്ജിംഗ് മുഖേന പ്രധാനമായി ഉദ്ദേശിക്കുന്നത്. നഗരസഭ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ആവിഷ്കരിച്ച കിണർ റീചാർജ്ജിംഗ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷം 8,80,000 രൂപയും 2018-19 സാമ്പത്തിക വർഷം 10,60,000 രൂപയും അടങ്കൽ ഉൾപ്പെടുത്തി രൂപീകരിച്ച പദ്ധതിയുടെ ആകെ ചെലവ് 66,000 രൂപ മാത്രമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | കിണർ റീചാർജ്ജിംഗ് SO 203/18 (2017-18) | 8,80,000 | 60,000 |
| 2 | കിണർ റീചാർജ്ജിംഗ് SO 041/19 (2018-19) | 2,40,000 | 6,000 |
| 3 | കിണർ റീചാർജ്ജിംഗ് SO 190/19 (spill over) (2018-19) | 8,20,000 | 0 |

| | | | |
|---|---|---|---|
| 4 | കിണർ റീചാർജ്ജിംഗ് (2019-20) | 66,000 | -- |
| ആകെ | | 20,06,000 | 66,000 |

## 1-52 തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല

1994 ലെ കേരള നഗരപാലികാ നിയമ പ്രകാരം നഗരസഭാ പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് നഗരസഭകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ നഗര മേഖലയിലെ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനു വേണ്ടി അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നഗരസഭയിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 271 രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് നഗരസഭകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ നഗരസഭാ പരിധിയിലെ ഒരു വിഭാഗം തൊഴിൽരഹിതരായ യുവതീ/യുവാക്കൾ നഗരസഭ മുഖേന നടപ്പാക്കുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120 രൂപ നിരക്കിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷം തൊഴിൽരഹിതവേതനം വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|
| 120 | 244000 |

തൊഴിലുറപ്പ് നിയമം പ്രകാരം നഗരസഭ പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് നഗരസഭയുടെ മേഖലാ ചുമതലയിൽ ഉൾപ്പെട്ട വിഷയമായതിനാൽ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. നഗരസഭ പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് നഗരസഭയുടെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-53 ക്ഷീരകകർഷകർക്ക് പാലിന് സബ്സിഡി- വിനിയോഗം പൂർണ്ണമല്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം വികസന ഫണ്ടിൽ നിന്നും 125000/- രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് (എസ് ഒ 6/19) നടപ്പിലാക്കിയിട്ടുണ്ട്. നഗര പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ പ്പറയുന്ന 5 ക്ഷീരോത്പാദക സഹകരണസംഘങ്ങളിലെ ക്ഷീരകർഷകർക്കാണ് പാലിന് സബ്സിഡി നൽകിയത്.

1.തോലുഴം ക്ഷീരോത്പാദക സഹകരണസംഘം, ക്ലിപ്തം നം - പി.റ്റി 7 (ഡി) ആപ്കോസ്, മങ്കുഴി, തട്ടയിൽ. (13)

2. തട്ടയിൽ ക്ഷീരോത്പാദക സഹകരണസംഘം, ക്ലിപ്തം നം - പി.റ്റി 162 (ഡി) ആപ്കോസ്, തട്ടയിൽ.

3. അടൂർ ക്ഷീരോത്പാദക സഹകരണസംഘം, ക്ലിപ്തം നം - പി.റ്റി 3962 (ഡി) ആപ്കോസ്, അടൂർ

4. കൊടുമൺ ക്ഷീരോത്പാദക സഹകരണസംഘം, ക്ലിപ്തം നം - ക്യൂ 38 (ഡി) ആപ്കോസ്, ഐക്കാട്, കൊടുമൺ.

5. പറന്തൽ ക്ഷീരോത്പാദക സഹകരണസംഘം, ക്ലിപ്തം നം - പി.റ്റി 12 (ഡി) ആപ്കോസ്, പറന്തൽ

കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിലാണ് സബ്സിഡി നൽകിയത്. സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിയിട്ടുണ്ട്. 2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ വരെ മാസങ്ങളിൽ സംഘത്തിൽ നൽകിയ പാലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/17/ത.സ്വ.ഭ.വതീ.03/04/17നമ്പർ ഉത്തരവ് അനുസരിച്ച് ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. എട്ടുമാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപയിൽ താഴെ മാത്രമേ മാത്രമേ സബ്സിഡി നൽകിയിട്ടുള്ളൂ. അടങ്കൽ തുകയായ 125000രൂപയിൽ 73776 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 51224 രൂപ ചെലവഴിക്കാതെ ലാപ്സായി. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം.18/19 തീ. 24.12.2019) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമായ രീതിയിൽ സബ്സിഡി തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 2-1 വരവ നഷ്ടം - ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 3-1 നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകി

നിർണ്ണയിച്ച ശമ്പളത്തിലും അധികം തുക ശമ്പളമായി കണക്കാക്കി കുടിശ്ശിക നൽകിയതിനാൽ 4154 രൂപ കുടിശ്ശികയിനത്തിൽ അധികം നൽകി.

ശ്രീമതി ഗിരിജ ഭായി, ക്ലർക്കിന്റെ 01.07.2014 ലെ പഴയ സ്കെയിലിലെ ശമ്പളം 9940 രൂപയാണ്. ഇത് പുതുക്കിയ സ്കെയിലിൽ (19000-43600) 20000 രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഡ്യൂ - ഡ്രോൺ

സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 01.07.2014 ൽ പഴയ സ്കെയിലിലെ ശമ്പളം 11020 രൂപയായും പുതിയ സ്കെയിലിൽ 22200 രൂപയുമായി നിർണ്ണയിച്ചാണ് 7/2014 മുതൽ 01/2016 വരെയുള്ള കുടിശ്ശിക നൽകിയിട്ടുണ്ട്.

അധികമായി അനുവദിച്ച ശമ്പളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>അർഹമായ ശമ്പളക്കുടിശ്ശിക</u>

| പുതുക്കിയ സ്കെയിലിലെ ശമ്പളം | | | | പഴയ സ്കെയിലിലെ ശമ്പളം | | | അർഹമായ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ | |
| 7/14 | 20000 | 0 | 20000 | 9940 | 7952 | 17892 | 2108 |
| 8/14 | 20000 | 0 | 20000 | 9940 | 7952 | 17892 | 2108 |
| 9/14 | 20550 | 0 | 20550 | 10210 | 8168 | 18378 | 2172 |
| 10/14 | 20550 | 0 | 20550 | 10210 | 8168 | 18378 | 2172 |
| 11/14 | 20550 | 0 | 20550 | 10210 | 8168 | 18378 | 2172 |
| 12/14 | 20550 | 0 | 20550 | 10210 | 8168 | 18378 | 2172 |
| 01/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 2/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 3/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 4/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 5/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 6/15 | 20550 | 617 | 21167 | 10210 | 8781 | 18991 | 2176 |
| 7/15 | 20550 | 1233 | 21783 | 10210 | 9393 | 19603 | 2180 |
| 8/15 | 20550 | 1233 | 21783 | 10210 | 9393 | 19603 | 2180 |
| 9/15 | 21100 | 1266 | 22366 | 10480 | 9642 | 20122 | 2244 |
| 10/15 | 21100 | 1266 | 22366 | 10480 | 9642 | 20122 | 2244 |
| 11/15 | 21100 | 1266 | 22366 | 10480 | 9642 | 20122 | 2244 |
| 12/15 | 21100 | 1266 | 22366 | 10480 | 9642 | 20122 | 2244 |
| 01/16 | 21100 | 1266 | 22366 | 10480 | 9642 | 20122 | 2244 |
| ELS | 20550 | 617 | 21167 | 10210 | 9393 | 19603 | 2176 |
| | | | | | | ആകെ | 43716 |

<u>തെറ്റായി നിർണ്ണയിച്ച കുടിശ്ശിക</u>

| പുതുക്കിയ സ്കെയിലിലെ ശമ്പളം | | | | പഴയ സ്കെയിലിലെ ശമ്പളം | | | അർഹമായ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ | |
| 7/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |
| 9/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |
| 10/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |
| 11/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |
| 12/14 | 22200 | 0 | 22200 | 11020 | 8816 | 19836 | 2364 |
| 01/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 2/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 3/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 4/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 5/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 6/15 | 22200 | 666 | 22866 | 11020 | 8781 | 20497 | 2369 |
| 7/15 | 22800 | 1368 | 24168 | 11320 | 9393 | 21734 | 2434 |
| 8/15 | 22800 | 1368 | 24168 | 11320 | 9393 | 21734 | 2434 |
| 9/15 | 22800 | 1368 | 24168 | 11320 | 9642 | 21734 | 2434 |
| 10/15 | 22800 | 1368 | 24168 | 11320 | 9642 | 21734 | 2434 |
| 11/15 | 22800 | 1368 | 24168 | 11320 | 9642 | 21734 | 2434 |
| 12/15 | 22800 | 1368 | 24168 | 11320 | 9642 | 21734 | 2434 |
| 01/16 | 22800 | 1368 | 24168 | 11320 | 9642 | 21734 | 2434 |
| ELS | 22800 | 1368 | 24168 | 11320 | 9393 | 21734 | 2434 |
| ആകെ | | | | | | | 47870 |

അധികം നൽകിയ ശമ്പള കുടിശ്ശിക തുക = 4154 രൂപ (47870-43716). ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/16.01.2020) അധികം നൽകിയ കുടിശ്ശിക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13-08-19 മുതൽ 14-08-19 | കെ.എസ്.എ.പി.റ്റി.എ.പി2/750/19<br>തീയതി 19-08-19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എ.എം.സി XX ാം നമ്പർ വാർഡിലേക്ക് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 362157(SBI) 19-04-18 | 22116 | 22116 | 0 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | എ.എം.സി XXII, XXIII, XXV, XXVI, XXVII ാം നമ്പർ വാർഡുകളിലേക്ക് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 362195(SBI) 26-05-18 | 109475 | 109475 | 0 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | എ.എം.സി XXII, XXIII, XXV, XXVI, XXVII ാം നമ്പർ വാർഡുകളിലേക്ക് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 723363(SBI) 09-07-18 | 6776 | 6776 | 0 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | എ.എം.സി വാർഡ് നം XIX,III,X,XVIII ാം നമ്പർ വാർഡുകളിലേക്ക് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | 303319(SBI) 07-01-19 | 118059 | 118059 | 0 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | SO 053/19, പോസ്റ്റിട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ | 18050347001001262551/26-02-19.<br>18050347001001380179/15-03-19. | 412150<br>132500 | 412150<br>132500 | | വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| | | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ 11600000രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. തുകയൊന്നം തന്നെ വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ. വൈ, ഭവന നിർമ്മാണ പദ്ധതി (കെ.യു.ആർ. ഡി. എഫ്. സി) | ജി.ഒ.(എം. എസ് നം 68/2018/ ത.സ്വ.ഭ.വ തീയതി 18-05-2018 | 11600000 | ഇല്ല | ഇല്ല | ഇല്ല | 11600000 |

•

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 47790 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2004-05 | 3-3 | 13827 | എൻ സി കുറുപ്പ്, (കൗൺസിലർ, അടൂർ നഗരസഭ (Ex) | 118140106076/14.02.2019 |
| 2004-05 | 3-3 | 13827 | സികി സൗദാമിനി അമ്മ, (കൗൺസിലർ, അടൂർ നഗരസഭ (Ex) | 118140105979/01.11.2018 |
| 2004-05 | 3-3 | 13827 | ലില്ലി ജോസഫ്, കൗൺസിലർ, അടൂർ നഗരസഭ | 118140106076/05.11.2018 |
| 2014-15 | 3-18 | 6309 | ശ്രീമതി സുചിത്ര എസ്. ആർ, 3rdഗ്രേഡ് ഓവർസീയർ, | 118140101038/18.05.2018 |
| ആകെ | | 47790 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 4 (എ) | 2005-06 | 3.10.1 | ശീർഷകം തെറ്റി, പദ്ധതി വിഹിതം 24.6 ലക്ഷം നിയമവിരുദ്ധമായി ക്രമപ്പെടുത്തി | |
| 2000-01, 2001-02 | | 2005-06 | 3.10.2 | മാർക്കറ്റ് സ്റ്റാൾയാർഡ് നിർമ്മാണത്തിൽ അപാകതകൾ | |
| 2000-01, 2001-02 | | 2005-06 | 3.10.4 | റോഡ് പുനരുദ്ധാരണം, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്തി | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-2 (ബി) | 2006-07 | 4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്-സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 3-1. | 2010-11 | 5.2..17 | ഖരമാലിന്യ സംസ്കരണം - | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം | |
| 2004-05 | 3-3 | 2010-11 | 3.3 | നഗരസഭയിലെ CFL കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയത് സംബന്ധിച്ച | |

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 250578191 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 193935767 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4154 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **13740291** |

**ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4154 | ദീപേഷ് ആർ.കെ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| | | |
|---|---|---|
| 1-33 | 484724 | ശ്രീ റഫീഖ്.എം, മുനിസിപ്പൽ എൻജിനീയർ |
| 1-34 | 13152568 | |
| 1-38 | 102999 | ശ്രീ വിനോദ് എം.പി.,ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I |
| **ആകെ** | **13740291** | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 1-31 | 28615 | ശ്രീ റഫീഖ്.എം, മുനിസിപ്പൽ എഞ്ചിനീയർ |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപേഷ് ആർ.കെ, സെക്രട്ടറി | സെക്രട്ടറി, അടൂർ നഗരസഭ | കളീൽ വീട്, തെക്കുംഭാഗം, ചവറ സൗത്ത് പി.ഒ., കൊല്ലം ജില്ല |
| ശ്രീ വിനോദ് എം.പി<br>ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I<br>അടൂർ നഗരസഭ | നിഷ സദനം<br>ഐരവൺ.പി.ഒ<br>കോന്നി |
| ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അടൂർ നഗരസഭ | ആഴാതി പുരയിടത്തിൽ,<br>ഏനാത്ത് പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.പി.റ്റി.എ./എംഎൽ-/1136/92, തീയതി: 24.10.2002 |
| 1971-72 | എൽ.എഫ്.പി.റ്റി.എ./ക്യൂ/പി-3/1847, തീയതി: 25.11.81 |
| 1972-73 | എൽ.എഫ്.പി.റ്റി.എ./എംഎൽ/1136/92, തീയതി: 24.10.2002 |
| 1973-74 മുതൽ 1978-79 വരെ | എൽ.എഫ്.പി.റ്റി.എ./എംഎൽ/1136/92, തീയതി: 24.10.2002 |
| 1980-81 | എൽ.എഫ്.പി.റ്റി.എ./ക്യൂ/1052/82, തീയതി: 13.09.82 |
| 1981-82 | എൽ.എഫ്.പി.റ്റി.എ.പി- 3/254/86, തീയതി: 04.02.87 |
| 1982-83 | എൽ.എഫ്.പി.റ്റി.എ.പി- 3/165/85, തീയതി: 04.10.85 |
| 1983-84 | എൽ.എഫ്.പി.റ്റി.എ.പി- 3/765/87, തീയതി: 13.02.88 |
| 1984-85 | എൽ.എഫ്.പി.റ്റി.എ.പി- 3/528/88, തീയതി: 11.08.88 |
| 1985-86 | എൽ.എഫ്.പി.റ്റി.എ.പി- 3/ 6/90, തീയതി: 11.10.90 |
| 1986-87 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 192/92, തീയതി: 24.10.92 |
| 1987-88 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 193/92, തീയതി: 24.10.92 |
| 1988-89 | എൽ.എഫ്.പി.റ്റി.എ.പി- 2/1246/91, തീയതി: 01.08.92 |
| 1989-90 | എൽ.എഫ്.പി.റ്റി.എ./എം.എൽ/232/93, തീയതി: 22.10.93 |
| 1990-91 | എൽ.എഫ്.പി.റ്റി.എ.പി- 4/374/94, തീയതി: 25.6.94 |
| 1991-92 & 1992-93 | എൽ.എഫ്.പി.റ്റി.എ.പി- 4/970/94, തീയതി: 04.03.95 |
| 1993-94 | എൽ.എഫ്.പി.റ്റി.എ.പി- 4/620/95, തീയതി: 04.06.96 |
| 1994-95 | എൽ.എഫ്.പി.റ്റി.എ.പി- 4/463/96, തീയതി: 07.04.97 |
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി- 5/142/02, തീയതി: 31.03.03 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97, തീയതി: 12.10.1999 |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06, തീയതി:13.04.07 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99, തീയതി: 12.01.99 |
| [illegible] (DCB) | [illegible] |

| | |
|---|---|
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06, തീയതി: 14.03.07 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000, തീയതി: 02.11.2000 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06, തീയതി: 31.12.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03, തീയതി: 16.09.03 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06, തീയതി: 31.12.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05, തീയതി: 15.12.05 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04, തീയതി: 14.12.05 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06, തീയതി: 31.12.07/31.03.08 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08, തീയതി: 31.07.09 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08, തീയതി: 15.04.09/30.12.09 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08, തീയതി: 30.01.09/30.10.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08, തീയതി: 16.02.09/08.03.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10, തീയതി: 14.03.11/09.06.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11, തീയതി: 01.12.11/02.03.13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12, തീയതി: 12.10.12/13.03.13 |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12, തീയതി: 01.11.2012 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13, തീയതി: 08.04.14 |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2/357/15, തീയതി: 08.12.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2/854/16, തീയതി: 08.08.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി2/97/17, തീയതി: 20.02.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീയതി: 12.12.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ./പി2/261/19, തീയതി: 03.06.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്**
**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി2/16/2020 തീയതി 12.03.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ **295(4)** ാം വകുപ്പ് എന്നിവ അനുസരിച്ചും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടൂർ നഗരസഭയുടെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## CERTIFICATE

No.KSA.PTA.P2/16/2020 Dated 12/03/2020

Certified that I have examined the Annual Financial Statement of **Adoor Municipality** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section **295(4)** of the Kerala Municipality Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Local self Government Institutions.

In my opinion, the Financial Statements of **Adoor Municipality** for the year 2018-19 except the obeservations in para 1-11 of my report properly presents the picture of income and expenditure.

**Habeeb Mohammad**

**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**